# വചനദർപ്പണം

▪ VOLUME 1
▪ ISSUE 1

FACEBOOK fb.com/darppanammagazine | MAIL vachanadarppanam@gmail.com | WHATSAPP India 9744797080 | CALL India 9744797080

FEBRUARY 2017


ഡിജിറ്റൽ ഇൻഡ്യ
സ്റ്റാൻലി കിഴക്കേടത്ത്


വിമർശനം: ശരിയോ തെറ്റോ?
പാസ്റ്റർ സന്തോഷ് ജോസഫ്


അധ്വാനശീലവും ആത്മീയതയും
പാസ്റ്റർ ജോൺസൺ ജോർജ്ജ്


ഒരുമയുടെ സന്ദേശം
പാസ്റ്റർ രാജു ആനിക്കാട്

## ആത്മമഴയ്ക്കായി കാത്തിരിക്കുക: പാസ്റ്റർ ടി. ജെ. സാമുവേൽ

പുനലൂർ ■ പ്രകൃതി മഴയ്ക്കായി കാത്തിരിക്കുന്നതുപോലെ വിശ്വാസികൾ ആത്മമഴയ്ക്കായി കാത്തിരിക്കണമെന്നും സമൂഹത്തെ ചൈതന്യമാക്കാൻ കഴിയുന്ന ജീവിതത്തിന്റെ ഉടമകളായിരിക്കണമെന്നും അസംബ്ലീസ് ഓഫ് ഗോഡ് അഖിലേന്ത്യ ജനറൽ സെക്രട്ടറിയും മലയാളം ഡിസ്ട്രിക്ട് സൂപ്രണ്ടുമായ പാസ്റ്റർ ടി.ജെ. സാമുവൽ പറഞ്ഞു. അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് വാർഷിക ജനറൽ കൺവൻഷനിൽ സംയുക്ത സഭായോഗത്തിൽ സമാപന സന്ദേശം നൽകുകയായിരുന്നു അദ്ദേഹം. ഓരോ വിശ്വാസിയും നവീകരണത്തിന് ഒരുക്കപ്പെട്ട മനസോടെ എപ്പോഴും ജീവിക്കണമെന്നും അങ്ങനെയുള്ളവർക്കുമാത്രമേ സമൂഹത്തിൽ മാതൃകപരമായ ദൈവീക പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുവാൻ കഴിയുകയുള്ളൂ എന്നും അദ്ദേഹം തുടർന്നു. അധാർമ്മികത, കുടുംബ തകർച്ച, ഭീകരപ്രവർത്തനം, മതവിദ്വേഷം, പീഡനങ്ങൾ, അസമാധാനം, അസഹിഷ്ണത, മദ്യപാനം തുടങ്ങിയവ സമൂഹത്തെ നശിപ്പിക്കുകയും സമാധാനാന്തരീക്ഷം ഇല്ലാതാക്കുകയും ചെയ്യുന്നുണ്ട്. ഇവയെല്ലാം മനുഷ്യനിൽ കുടികൊള്ളുന്ന പാപത്തിൽനിന്നും ഉത്ഭവിക്കുന്നതാണ്. ഇവയിൽനിന്നുള്ള വിടുതൽ വ്യക്തികൾക്കും സമൂഹത്തിനും ആവശ്യമാണ്. അത് സാധിക്കുവാൻ സ്വയശക്തിയാൽ കഴിയുകയില്ലെന്നും ദൈവശക്തി മാത്രമേ പരിഹാരമാവുകയുള്ളൂവെന്നും അദ്ദേഹം പ്രസ്താവിച്ചു.




*അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് ജനറൽ കൺവൻഷൻ സഭാ അഖിലേന്ത്യ ജനറൽ സെക്രട്ടറിയും ഡിസ്ട്രിക്ട് സൂപ്രണ്ടുമായ പാസ്റ്റർ ടി.ജെ സാമുവൽ ഉദ്ഘാനം ചെയ്യുന്നു.*

പുനലൂർ എ.ജി. കൺവൻഷൻ ഗ്രൗണ്ടിൽ ജനുവരി 22 ഞായറാഴ്ചയാണ് സംയുക്ത സഭായോഗം നടന്നത്. ഡിസ്ട്രിക്ട് സെക്രട്ടറി പാസ്റ്റർ തോമസ് ഫിലിപ്പ് സങ്കീർത്തന പ്രഭാഷണം നടത്തി. അസംബ്ലീസ് ഓഫ് ഗോഡ് അഖിലേന്ത്യ ട്രഷറാറും നോർത്ത് ഇന്ത്യ അസംബ്ലീസ് ഓഫ് ഗോഡ് അസിസ്റ്റന്റ് സൂപ്രണ്ടുമായ പാസ്റ്റർ പാപ്പിമത്തായി മുഖ്യ സന്ദേശം നൽകി. അസംബ്ലീസ് ഓഫ് ഗോഡ് അഖിലേന്ത്യ കമ്മറ്റി അംഗവും ഡിസ്ട്രിക്ട് അസിസ്റ്റന്റ് സൂപ്രണ്ടുമായ പാസ്റ്റർ പി. എസ്. ഫിലിപ്പ് തിരുവത്താഴ ശുശ്രൂഷയിൽ സന്ദേശം നൽകി. സൗത്ത് ഇന്ത്യ അസംബ്ലീസ് ഓഫ് ഗോഡ് ജനറൽ സെക്രട്ടറി പാസ്റ്റർ ഐസക് വി. മാത്യു, മുൻ അസിസ്റ്റന്റ് സൂപ്രണ്ട് പാസ്റ്റർ കെ. ജെ. മാത്യു, ഡിസ്ട്രിക്ട് ഭാരവാഹികളായ പാസ്റ്റർമാരായ എ. രാജൻ, എം.എ ഫിലിപ്പ്, മേഖലാ ഡയറക്ടറുമാരായ പാസ്റ്റർമാരായ ജോസ് തോമസ്, രാജൻ ഏബ്രഹാം, കെ.വൈ വിൽഫ്രഡ് രാജ് പാസ്റ്റർമാരായ ടി.കെ കോശി വൈദ്യൻ, ഐസക് ചെറിയാൻ, ജോയി ജോസഫ്, രാജൻ ജോർജ്, പ്രസാദ് കോശി, പി.വി. ജോസഫ്, ബാബു ഇമ്മാനുവൽ, രാജൻ തോമസ്, ജോൺസൺ കെ.ജോർജ്, സഹോദരന്മാരായ ഷാജൻ ജോൺ ഇടയ്ക്കാട്, യബ്ബേസ് ചെറിയാൻ, പി.വി അലക്സാണ്ടർ തുടങ്ങിയവർ സന്ദേശങ്ങൾ നൽകി. പാസ്റ്റർമാരായ ഒ. സാമുവൽ, ബിജു വർഗീസ്, സി.വൈ തങ്കച്ചൻ, യാഹ്ദത്ത് മണി, സി.ഐ പാപ്പച്ചൻ തുടങ്ങിയവർ പ്രാർത്ഥനാ ശുശ്രൂഷ നയിച്ചു. പാസ്റ്റർമാരായ സുനിൽ സോളമൻ, തോമസുകുട്ടി, ജോബിൻ എലീശ എന്നിവരുടെ നേതൃത്വത്തിലുള്ള ഏ.ജി ഗായകസംഘം സംഗീതാരാധന നയിച്ചു.

## നന്ദിയുള്ളവാരിയിക്കുക: പാസ്റ്റർ സി.സി. തോമസ്

തിരുവല്ല: നാം ലോകത്തോടും ദൈവത്തോടും സമൂഹത്തോടും സഹജീവികളോടും നന്ദിയുള്ളവാരിക്കണമെന്നും ദൈവം നമ്മെ ഭരമേല്പിച്ച ദൗത്യനിർവ്വഹണം നാം അതിവസിക്കുന്ന രാജ്യത്തിന്റെ നന്മയ്ക്കും ശുഭതയ്ക്കും വേണ്ടി ശാരീരികവും മാനസീകവും ആത്മീകവുമായ ആരോഗ്യദൃഢഗാത്രരായ ഒരു സംഘം ജനതയെ വാർത്തെടുക്കുന്നതിനും ഉതകണമെന്നും, ദൈവം നമുക്ക് നൽകി തരുന്ന ശുഭതകളെ വിമർശനാത്മക മനോഭാവത്തോടെയല്ല ക്രീയാത്മകമായ മനോഭാവത്തോടെ സ്വീകരിച്ച് അതിന് നന്ദിയുള്ളവരായി തീരണമെന്നും പാസ്റ്റർ സി. സി. തോമസ് ഉദ്ബോധിപ്പിച്ചു. ചർച്ച് ഓഫ് ഗോഡ് സഭയുടെ തിരുവല്ല രാമൻച്ചിറയിലുള്ള സഭാ സ്റ്റേഡിയത്തിൽ നടന്നു വന്ന കൺവൻഷന്റെ സമാപനയോഗത്തിൽ മുഖ്യസന്ദേശം നൽകുകയായിരുന്നു അദ്ദേഹം. 94-ാമത് ജനറൽ കൺവൻഷൻ 29-ാം തീയതി ഞായറാഴ്ച സംയുക്ത സഭായോഗത്തോടും വിശുദ്ധ തിരുവത്താഴ ശുശ്രൂഷയോടും കൂടെ സമാപിച്ചു.

23-ാം തീയതി തിങ്കളാഴ്ച 5.30 മുതൽ അസിസ്റ്റന്റ് പാസ്റ്റർ പി. ജി മാത്യൂസിന്റെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ സ്റ്റേറ്റ് ഓവർയർ പാസ്റ്റർ സി. സി തോമസ് ഉദ്ഘാടനം ചെയ്ത് ആരംഭിച്ച ജനറൽ കൺവൻഷൻ 29-ാം തീയതി ഞായറാഴ്ച സംയുക്ത സഭായോഗത്തോടും വിശുദ്ധ തിരുവത്താഴ ശുശ്രൂഷയോടും കൂടെ സമാപിച്ചു. തിരുവത്താഴ ശുശ്രുഷയ്ക്ക് സഭയുടെ സീനിയർ ശുശ്രൂഷകൻ പാസ്റ്റർ എം. ഓ ഏലിയാസ് നേതൃത്വം നല്കി. പാസ്റ്റർമാരായ ജെ. ജോസഫ്, എം. കുഞ്ഞപ്പി, ജോർജ് മാത്യു പുതുപ്പള്ളി, ഈപ്പൻ ചെറിയാൻ എന്നിവർ പ്രസംഗിച്ചു. പാസ്റ്റേഴ്സ് കോൺഫ്രൻസ്, ശുശ്രൂഷക സമ്മേളനം, പൊതു യോഗം, സഹോദരി സമ്മേളനം, ബൈബിൾ സ്കൂളിന്റെയും സെമിനാരിയുടെയും ബിരുധദാനം, പുത്രികാ സംഘടനകളായ സണ്ടേസ്കൂളിന്റെയും - വൈ.പി.ഇ യുടെയും സംയുക്ത സമ്മേളനം, വിവിധ ഡിപ്പാർട്ടുമെന്റുകളുടെ സമ്മേളനം, സ്നാനം, ഉൺർവ്വുയോഗവും നടന്നു. മീഡിയ കൺവീനർമാരായി സാംകുട്ടി മാത്യു, ഷൈജു തോമസ് പ്രവർത്തിച്ചു.




*സ്റ്റേറ്റ് ഓവർയർ പാസ്റ്റർ സി. സി തോമസ് പ്രസംഗിക്കുന്നു*

## സംസ്ഥാന സ്കൂൾ കലോത്സവം: നേട്ടവുമായി പെന്തെക്കോസ്ത് വിദ്യാർത്ഥിനികൾ



**കെ. നിതിയ**

റാന്നി ■ സംസ്ഥാന സ്കൂൾ കലോത്സവത്തിൽ സംസ്കൃത കവിതാ രചനയിൽ എ ഗ്രേഡ് ഒന്നാം സ്ഥാനം നേടി കെ. നിതിയ പെന്തെക്കോസ്ത് സമൂഹത്തിന് അഭിമാനമായി മാറി. സംസ്ഥാന സ്കൂൾ സംസ്കൃതോത്സവത്തിൽ പത്തനംതിട്ട ജില്ലയ്ക്ക് ലഭിച്ച ഏക ഒന്നാംസ്ഥാനവും എ ഗ്രേഡുമാണിത്. ഡബ്യൂ. എം.ഇ റാന്നി സെന്ററിലെ ചെത്തയ്ക്കൽ എലിം സഭാംഗമാണ്. എട്ടാം ക്ലാസ് മുതൽ തുടർച്ചയായ മൂന്ന് വർഷം സംസ്കൃത കവിതാ രചനയ്ക്കും സംഘഗാനത്തിനും സംസ്ഥാനത്ത് എ ഗ്രേഡ് നേടിയിട്ടുണ്ട്. മികച്ച നേട്ടം കൈവരിച്ച നിതിയയെ ഡബ്യൂ.എം.ഇ യൂത്ത് ഫെല്ലോഷിപ്പ്, സണ്ടേസ്കൂൾ മിനിസ്ട്രി ഭാരവാഹികളായ ഡോ. എം. കെ. സുരേഷ്, രാജൻ മാത്യു, നിബു അലക്സാണ്ടർ, സതീഷ് തങ്കച്ചൻ എന്നിവർ അനുമോദിച്ചു.



**കൃപ എ. കൊടിത്തോട്ടം**

തിരുവല്ല ■ കണ്ണൂരിൽ നടന്ന സംസ്ഥാന സ്കൂൾ യൂത്ത് ഫെസ്റ്റുവലിൽ ഹിന്ദി കവിതാ രചനയിൽ, സുവിശേഷ പ്രഭാഷകനും എഴുത്തുകാരനുമായ അനിൽ കൊടിത്തോട്ടത്തിന്റെ മകളും നെടുങ്ങാടപ്പള്ളി സി.എം.എസ് ഹൈസ്കൂൾ വിദ്യാർത്ഥിനിയുമായ കൃപ കൊടിത്തോട്ടം, എ-ഗ്രേഡോടെ മൂന്നാം സ്ഥാനം കരസ്ഥമാക്കി.

## ഫാദർ ടോം ഉഴന്നാലിലിന്റെ മോചനം വൈകരുത്: ഇന്ത്യാ പെന്തക്കോസ്തു ദൈവസഭ



കുമ്പനാട് ■ യമനിൽ നിന്നും പത്ത് മാസം മുമ്പ് തീവ്രവാദികൾ തട്ടിക്കൊണ്ട് പോയ ക്രിസ്ത്യൻ മിഷനറി ഫാദർ ടോം ഉഴന്നാലിലിനെ മോചിപ്പിക്കുവാൻ വൈകുന്നതിൽ ഐ.പി.സി ഉൽക്കണ്ഠ രേഖപ്പെടുത്തി. മറ്റുള്ളവരെ സ്നേഹിക്കുവാനും ധാർമ്മിക ബോധമുള്ള സമൂഹത്തെ വളർത്തിയെടുക്കുവാനും യജ്ഞിച്ച ഫാ. ടോമിന്റെ മോചനം വൈകരുതെന്ന് സഭാ ജനറൽ സെക്രട്ടറി പാസ്റ്റർ കെ. സി. ജോൺ കുമ്പനാട് കൺവൻഷനിൽ അവതരിപ്പിച്ച പ്രമേയത്തിൽ കേന്ദ്ര സംസ്ഥാന സർക്കാറുകളോട് അഭ്യർത്ഥിച്ചു. സംസ്ഥാന വൈസ് പ്രസിഡന്റ് പാസ്റ്റർ രാജു പൂവക്കാല പ്രത്യേക പ്രാർത്ഥന നടത്തി. ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ അദ്ധ്യക്ഷത വഹിച്ചു.

## അറിയാനും പറയാനും

വചനദർപ്പണം വാട്സാപ്പ് സംവാദവേദി

### പെന്തക്കോസ്തും ആഭരണവർജ്ജനവും: ഉപദേശമോ സംസ്കാരമോ?

വചനദർപ്പണം 2017 മാർച്ച് ലക്കത്തിലെ സംവാദത്തിൽ താങ്കളുടെ വിലയേറിയ വീക്ഷണങ്ങൾ ഈ ചർച്ചയെ സജീവമാക്കട്ടെ. ബൈബിൾ അടിസ്ഥാനത്തിൽ എഴുതുന്ന നല്ല അഭിപ്രായങ്ങൾ പ്രസിദ്ധീകരിക്കുന്നതാണ്. അവസാന തീയതി 2017 മാർച്ച് 10. മലയാളത്തിൽ മാത്രം എഴുതുക (മംഗ്ലീഷ് സ്വീകരിക്കുകയില്ല). അഭിപ്രായങ്ങൾ റെക്കോർഡ് ചെയ്ത് അയയ്ക്കാം.
വാട്സാപ്പ് നമ്പർ: 9744797080
ഈമെയിൽ: vachanadarppanam@gmail.com



» എഡിറ്റോറിയൽ

സ്റ്റാൻലി കിഴക്കേടത്ത്

# ഡിജിറ്റൽ ഇന്ത്യ

1980 കളിൽ കമ്പ്യൂട്ടർ രൂപം കൊള്ളുന്നതിനുമുമ്പ് കടലാസിന്റെ ഉപയോഗം മനുഷ്യചരിത്രത്തെ പിടിച്ചുകുലുക്കുന്നതായിരുന്നു. നീലനദിയുടെ തീരത്തു തഴച്ചുവളരുന്ന പാപ്പിറസിൽ ആരംഭിച്ച വിദ്യ ആദിമസംസ്കാരത്തിൽ രൂപം കൊണ്ടതായിരുന്നുവെങ്കിലും, ഇവിടെ പ്രചാരത്തിതൽ വരാൻ കാലങ്ങൾ കാത്തിരിക്കേണ്ടിവന്നു. ചെട്ടികടയിൽ നിന്നും സാധനങ്ങൾ തൂക്കി പേപ്പറിൽ പൊതിഞ്ഞുതന്നിരുന്ന കാലം പഴയ തലമുറക്കാർ മറന്നിട്ടില്ല. ആ തലമുറയിൽ പെട്ടവർ തന്നെ പഴയകടലാസും, സാമഗ്രികളും ശേഖരിച്ച് അതിന്റെ അസംസ്കൃത വസ്തുവിൽ നിന്നും പുതിയ ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന രീതിയും കണ്ടുപിടിച്ചു. അതിന്റെ ശാസ്ത്രീയ നാമമാണല്ലോ 'ഗാർബോളജി'. വിപ്ലവകരമായ മാറ്റമാണ് ഈ ടെക്ക്നോളജിയിലൂടെ സാധ്യമായത്.

എന്ത് ഉല്പാദിപ്പിക്കപ്പെടുന്നുവെന്നതിനനുസരിച്ചല്ല, ജീവനോപാധികൾ എത്തരം പണിയായുധങ്ങൾകൊണ്ട് ഉല്പാദിപ്പിക്കപ്പെടുന്നു എന്നതനുസരിച്ചാണ് ഒരു കാലഘട്ടം മറ്റൊന്നിൽ നിന്നും വ്യത്യസ്തമായിരിക്കുന്നത്. കാറൽ മാക്സിന്റെ ഈ ചിന്ത എത്രയോ ശരിയാണ്... പണം എണ്ണികൊടുക്കാൻ യന്ത്രം, പണിയെടുക്കുന്നതും യന്ത്രം... കടലാസിന്റെ ആധിപത്യം വീണ്ടും കുറയുകയാണ്. മനുഷ്യന്റെ ശീലങ്ങളും മറ്റും ഉപകരണ വൽക്കരിച്ചപ്പോൾ അത് ഒരു വ്യവസ്ഥിതിയുടെ പരിണാമത്തെയാണ് സൂചിപ്പിക്കുന്നത്. ലോകത്തിലെ ഏറ്റവും വലിയ രാജ്യമായിരുന്ന സോവിയറ്റ് യൂണിയൻ തകർന്നിട്ട് ഇന്ന് കാൽനൂറ്റാണ്ടായി. 1991 ഡിസംബർ 25 ന് മോസ്കോയിലെ ക്രംലിനിൽ അവസാനമായി സോവിയറ്റ് പതാക പാറിപ്പറന്നത്. കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലെ കമ്യൂണിസ്റ്റ് ഭരണകൂടങ്ങൾ 1990 ആയപ്പോഴേക്കും കാലയവനികയ്ക്കുള്ളിൽ മറഞ്ഞുപോയി. അവിടങ്ങളിലെല്ലാം ജനാധിപത്യരീതിയിലുള്ള ഭരണകൂടങ്ങൾ നിലവിൽ വരികയും ചെയ്തു. ഇതൊന്നും പെട്ടെന്നുണ്ടായ സംഭവവികാസങ്ങളല്ല.

നവംബർ 8 ന് പ്രധാനമന്ത്രി നോട്ട് നിരോധനം പ്രഖ്യാപിക്കുമ്പോൾ 14 ലക്ഷം കോടിയുടെ 1000, 500 നോട്ടുകളാണ് പ്രചാരത്തിൽ ഉണ്ടായിരുന്നത്. ഡിസംബർ 10 വരെ 12.44 ലക്ഷം കോടിയുടെ നോട്ടുകൾ തിരിച്ചെത്തിയെന്ന്

> 1970 കളിൽ നടപ്പാക്കിയ നിർബന്ധിത വന്ധ്യംകരണത്തോടും 1975-77 ലെ അടിയന്തിരാവസ്ഥയക്കു തുല്യമായ സ്ഥിതിവിശേഷമെന്നാണ് നോട്ട് നിരോധനത്തെക്കുറിച്ച് ഫോബ്സ് മാഗസിൻ വിശേഷിപ്പിച്ചത്.

(90%) റിസർവ്വ് ബാങ്ക് ഡെപ്യൂട്ടി ഗവർണ്ണർ ആർ ഗാന്ധി അറിയിച്ചത്. ഇക്കണക്കനുസരിച്ച് ഇനിയും തിരിച്ചുവരാനുള്ളത് 1.66 ലക്ഷം കോടി രൂപയുടെ നോട്ടുകൾ മാത്രം.

നോട്ടു നിരോധനം മൂലമുണ്ടായ കറൻസിക്ഷാമം 50 ദിവസംകൊണ്ട് പരിഹരിക്കപ്പെടുമെന്നാണ് കേന്ദ്രസർക്കാർ പ്രഖ്യാച്ചതെങ്കിലും അതിന് സാധ്യത കാണുന്നില്ല. ഡിസംബർ 30 ന് സർക്കാർ പ്രഖ്യാപിച്ച കാലാവധി പൂർത്തിയാക്കിയെങ്കിലും പിൻവലിച്ച നോട്ടുകൾക്ക് ആനുപാതികമായി പുതിയ നോട്ടുകൾ അടിക്കാൻ റിസർവ്വ് ബാങ്കിന് ഇനിയും കഴിഞ്ഞിട്ടില്ല.

ജനങ്ങൾ മാറ്റത്തിന്റെ വക്താക്കളാണ്. പ്രധാന മന്ത്രിയുടെ തീരുമാനത്തെ നിറഞ്ഞ മനസ്സോടെ സ്വീകരിച്ചവരാണ് ഇന്ത്യയിലെ പ്രബുദ്ധരായ ജനങ്ങൾ. ജാതിമത വ്യത്യാസമെന്യേ രാഷ്ട്രീയത്തിന് അതീതമായും നോട്ടു പിൻവലിച്ച തീരുമാനത്തെയും ഇവിടുത്തെ ജനങ്ങൾ സ്വീകരിച്ചു. പക്ഷേ പകരം സംവിധാനമൊരുക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടുവോ? അതോ പരാജയപ്പെടുത്തിയോ? എന്നിരുന്നാലും ഒരു ജനാധിപത്യ രാജ്യത്ത് സംഭവിക്കുവാൻ പാടില്ലാത്ത കാര്യങ്ങളായിരുന്നു. ലക്ഷക്കണക്കിന് തൊഴിലാളികളും സാധാരണക്കാരും അനുഭവിക്കുന്ന ദുരിതം പറഞ്ഞറിയിക്കാൻ കഴിയാത്തതാണ്. ഒരു സാമ്പത്തിക അടിയന്തിരാവസ്ഥ എന്നു തോന്നുംവിധമാണ് കാര്യങ്ങൾ പോകുന്നത്. മാത്രമല്ല രാജ്യത്തിന്റെ ഫെഡറൽ സംവിധാനത്തെ തന്നെ പരിമിതപ്പെടുത്തുന്ന തരത്തിലുള്ള ഗൂഢനീക്കത്തിന്റെ ഭാഗമാണോയെന്നുപോലും ജനം സംശയിക്കുന്നു. 1970 കളിൽ നടപ്പാക്കിയ നിർബന്ധിത വന്ധ്യംകരണത്തോടും 1975-77 ലെ അടിയന്തിരാവസ്ഥയക്കു തുല്യമായ സ്ഥിതിവിശേഷമാണെന്നാണ് ഫോബ്സ് മാഗസിൻ ഇതിനെ വിശേഷിപ്പിച്ചത്.

മലബാറിൽ ജില്ലാ ഭരണകൂടം മുൻകൈയെടുത്ത് എന്റെ മലപ്പുറം ഡിജിറ്റൽ മലപ്പുറം എന്ന പദ്ധതിക്ക് രൂപം നൽകി അക്ഷയയുടെ നേതൃത്വത്തിൽ പരിശീലനം നടന്നുവരുന്നു. നരേന്ദ്ര മോദി അധികാരത്തിൽ വന്നതിനുശേഷം എടുത്ത ഉറച്ചതീരുമാനങ്ങളിൽ ചിലതായിരുന്നു എല്ലാ കുടുംബങ്ങൾക്കും റേഷൻകാർഡ്, എല്ലാ പൗരനും ബാങ്ക് അക്കൗണ്ട്. തൽഫലമായി ഇന്ത്യയിലെ കുഗ്രാമത്തിൽ പാർക്കുന്ന ഏതൊരു പൗരനും ബാങ്ക് അക്കൗണ്ടും പാസ്ബുക്കും സ്വന്തമാക്കാൻ കഴിഞ്ഞിട്ടുണ്ടാവണം. ക്രമേണ ഓരോ ഗ്രാമവാസികളുടെയും കൈയ്യിൽ ഡിജിറ്റൽ പണമിടപാട് മാർഗ്ഗങ്ങളായ ഡബിറ്റ്/ക്രഡിറ്റ് കാർഡുകൾ, പോയിന്റ് ഓഫ് സെയിൽസ്, ജി എസ് എം മൊബയിൽ ഫോൺ വഴിയുള്ള യുഎസ്സ്എസ്സ്ഡി. ആധാർ അടിസ്ഥാനമാക്കിയുള്ള പേമന്റ് സംവിധാനം സ്മാർട്ട ഫോൺ വഴിയുള്ള യുപിഐ. ഈ-വാലറ്റ്, നെറ്റ് ബാങ്കിംങ് തുടങ്ങിയവ സായത്തമാക്കി കഴിഞ്ഞാൽ ഇന്ത്യ ഡിജിറ്റൽ ആയി മാറുന്ന കാലം വിദൂരതയിലല്ല.

ഗ്രാമങ്ങളുടെ വികസനമാണ് യഥാർത്ഥ വികസനമെന്ന് മഹാത്മജി പറഞ്ഞിട്ടുണ്ട്. ശിലായുഗത്തിൽ ജീവിച്ച മനുഷ്യനും കാട്ടിൽ അമ്പും വില്ലുമായി ഓടി നടന്നവനും കാലങ്ങൾ കഴിഞ്ഞപ്പോൾ ആഡംബരവാഹനങ്ങൾ ഉപയോഗിക്കുവാനും, ശബ്ദത്തെക്കാൾ വേഗത്തിൽ സഞ്ചരിക്കുവാനും മനുഷ്യനു കഴിഞ്ഞു. പരമാണുവിനെ തുരന്ന് അതിൽ എവിടെയെങ്കിലും ദൈവം ഇരിപ്പുണ്ടോയെന്ന് ഒളിഞ്ഞുനോക്കി. മനുഷ്യന്റെ വിരൽ തുമ്പിൽ രാജ്യങ്ങളെ തമ്മിലുള്ള അന്തരം ഇല്ലാതാക്കി. ഇനിയും പേപ്പർ നോട്ടുകൾ ഇല്ലാതാവുകയാണ്. ഒപ്പം സൈബർ കുറ്റകൃത്യങ്ങൾ പെരുകുമെന്ന രീതിയും.

---

വിമർശനം: ശരിയോ തെറ്റോ?

> ആരോഗ്യപരമായ വിമർശനങ്ങൾ സാമൂഹിക നിലനിൽപ്പിനും വീക്ഷണശുദ്ധീകരണത്തിനും മാനവിക കെട്ടുറപ്പിനും അനുപേക്ഷണീയമാണ്.

# വിമർശനത്തിന്റെ നിർവ്വചനം



പാസ്റ്റർ സന്തോഷ് ജോസഫ്

പെന്തക്കോസ്ത് വിശ്വാസ സമൂഹത്തിൽ ഇന്ന് വിമർശകർ കൂടിവരുന്നു. വിമർശനവിധേയമാകുന്ന കാര്യങ്ങളിൽ, വ്യക്തികളും പ്രസ്ഥാനങ്ങളും ആശയങ്ങളും പാരമ്പര്യവും ദൈവശാസ്ത്രവും സംസ്കാരവും ഒക്കെ ഉൾപ്പെടുന്നു. ഇത്തരമൊരു സാഹചര്യത്തിൽ വിമർശനത്തെ ഇഷ്ടപ്പെടുകയും ഇഷ്ടപ്പെടാതിരിക്കുകയും ചെയ്യുന്ന വിശ്വാസികൾ നിരവധിയാണ്. വിമർശിക്കുന്നത് ശരിയാണോ തെറ്റാണോ എന്നറിയാതെ ആശങ്കപ്പെടുന്ന വലിയൊരു വിശ്വാസ സമൂഹം ഇന്നുണ്ട്. വേദപുസ്തകാടിസ്ഥാനത്തിൽ വിമർശനങ്ങളെയും വിമർശകരെയും എങ്ങനെ വിലയിരുത്തണമെന്ന് ബോധ്യമില്ലാത്തവരാണ് ഭൂരിപക്ഷം വിശ്വാസികളും.

ക്രിസ്തീയ ജീവിതത്തിന്റെ സദുദ്ദേശത്തെയും സഭാവളർച്ചയുടെ കെട്ടുറപ്പിനെയും വിമർശനം എങ്ങനെ ബാധിക്കുന്നു എന്നും, വിമർശനത്തിന്റെയും വിമർശകരുടേയും വിമർശനവിധേയമാക്കുന്ന വിഷയങ്ങളുടെയും മാനദണ്ഡങ്ങൾ എന്തായിരിക്കണം എന്നും ബൈബിൾ വെളിച്ചത്തിൽ പഠനവിധേയമാക്കുക എന്ന ലക്ഷ്യമാണ് ഈ ലേഖനപരമ്പരയ്ക്കുള്ളത്.

### വിമർശനം: സെക്കുലർ നിർവചനങ്ങൾ

'വിമർശനം' അല്ലെങ്കിൽ 'വിമർശം' എന്നീ സമാനാർഥമുള്ള പദങ്ങൾക്ക്, യുക്തിയുക്തമായ ചർച്ച, പര്യാലോചന, വിശേഷമായ ചിന്തനം, നിരൂപണം, ഗുണദോഷ ചിന്ത, വിലയിരുത്തൽ, വിചാരണ, വിചിന്തനം എന്നിത്യാദി അർഥങ്ങളാണ് വിവിധ ഭാഷനിഘണ്ടുവിൽ കൊടുത്തിരിക്കുന്നത്. കൂടാതെ പ്രതികൂലാഭിപ്രായം പ്രകടമാക്കുക, കുറ്റം ചുമത്തൽ, കുറ്റം കാണൽ, കുറ്റപ്പെടുത്തൽ, ആക്ഷേപിക്കൽ, അധിക്ഷേപം, ഖണ്ഡനം, ചോദ്യം ചെയ്യൽ എന്നീ അർഥങ്ങൾ പദാന്വേഷണ ശബ്ദകോശത്തിൽ (മലയാളം തിസോറസ്) കാണപ്പെടുന്നു.

വിധികർത്താവ് എന്നർഥം വരുന്ന 'Kritos', വിധിക്കാൻ കഴിവുള്ള എന്നർത്ഥം വരുന്ന 'kritikos' എന്നീ ക്ലാസിക്കൽ ഗ്രീക്ക് പദങ്ങളാണ് വിമർശനം എന്ന പദത്തിന്റെ മൂലരൂപം. വിമർശനം എന്ന പദത്തിന്റെ ശബ്ദോൽപ്പത്തിശാസ്ത്രം സമഗ്രമായി പഠിക്കുമ്പോൾ പതിനാലാം നൂറ്റാണ്ടിൽ ഫ്രഞ്ച് ഭാഷയിലും സാഹിത്യത്തിലുമാണ്"critique എന്ന പദം സജീവമായി ഉപയോഗിക്കപ്പെടുവാൻ തുടങ്ങിയത്. ഫ്രഞ്ച് ഭാഷയിൽ നിന്നാണ് "ൃശശേരശാ" എന്ന ആംഗലേയ പദം ഉടലെടുക്കുന്നത്. പതിനേഴാം നൂറ്റാണ്ടിന്റെ ആരംഭത്തിലാണ് പ്രഥമമായി ഇംഗ്ലീഷ് ഭാഷയിൽ "criticism" (വിമർശനം) എന്ന പദം വ്യാപകമായി പ്രയോഗിക്കപ്പെടുന്നത്. വിധികർത്താവ് തീരുമാനമെടുക്കുന്നവൻ എന്നീ അർഥങ്ങൾ വരുന്ന ലാറ്റിൻ ഭാഷയിലെ "criticus' എന്ന പദത്തിൽ നിന്നാണ് ഫ്രഞ്ച് പദമായ "critique" ഉരുത്തിരിയുന്നത്.

സാഹിത്യരചനകളെ വ്യാഖ്യാനിച്ച് നീതിനിഷ്ഠമായ ശരിതെറ്റുകൾ കണ്ടെത്തി അക്കാദിമിക നിലവാരത്തിലുള്ള വിലയിരുത്തൽ നടത്തുന്നതുമായി ബന്ധപ്പെട്ടാണ് വിമർശനം എന്ന പദം ഇംഗ്ലീഷിൽ ഉപയോഗിക്കപ്പെട്ട് തുടങ്ങിയത്. 17, 18, 19 നൂറ്റാണ്ടുകളിൽ നിലനിന്നിരുന്ന ഈ പദത്തിന്റെ പ്രയോഗം സാഹിത്യ, തത്ത്വശാസ്ത്ര രചനകളുമായി ബന്ധപ്പെട്ടാണ് മനസ്സിലാക്കുവാൻ കഴിയുന്നത്. ഇത്തരം വിമർശന ഇടപടലുകളുടെ വഴിയും ലക്ഷ്യവുമൊക്കെ സാഹിത്യാഭിരുചിയും ജ്ഞാനസമ്പാദനവുമായി ബന്ധപ്പെട്ടിരുന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ മധ്യത്തിനുശേഷം വിമർശനം എന്ന പദത്തിന് നിരവധി അർഥതലങ്ങൾ കൈവന്നു. പ്രതിഷേധം അറിയിക്കുക, ആക്ഷേപം ഉയർത്തുക, എതിർപ്പ് പ്രകടിപ്പിക്കുക, പ്രതിവാദം നടത്തുക തുടങ്ങിയ അർഥങ്ങൾ ഉണ്ടായി. ഈ കാലഘട്ടത്തിൽ രാഷ്ട്രീയം, മതം, വിശ്വാസം, സംസ്കാരം, ഭാഷ, വ്യക്തി, ഗവൺമെന്റ്, കുടുംബം, വിവാഹം തുടങ്ങി എല്ലാ വിഷയങ്ങളും വിമർശന വിധേയമായിത്തുടങ്ങി. ഏതുകാര്യത്തിന്റെയും ശരിതെറ്റുകളും ഗുണദോഷങ്ങളും ആർക്കും എവിടെയും പറയാമെന്നുള്ള തലത്തിലേക്ക് വിമർശന സ്വാതന്ത്ര്യം ക്രമേണ വ്യാപിച്ചു.

ആധുനിക വർത്തമാനലോകത്തിൽ വിമർശനത്തിന്റെ അമ്പുകൾ തറയ്ക്കാത്ത വ്യക്തികളും ആശയങ്ങളും രാഷ്ട്രീയ മത മതേതരത്വ സാംസ്കാരിക പ്രസ്ഥാനങ്ങളും ഇന്ന് വളരെ കുറവാണ്. മതാധിപത്യത്തിൽ നിന്നും മതേതരത്വത്തിലേക്കും ഏകാധിപത്യത്തിൽ നിന്നും ജനാധിപത്യത്തിലേക്കും ചുവടുമാറിയ ആധുനിക ലോകത്തിൽ ആഗോളവത്ക്കരണം, മനുഷ്യാവകാശം, അഭിപ്രായ സ്വാതന്ത്ര്യം, നവീന ആശയവിനിമയ മാർഗങ്ങൾ വിമർശനസ്വാതന്ത്ര്യത്തെ വർദ്ധിപ്പിച്ചു. ഇന്റർനെറ്റും ബ്ലോഗിങ്ങും സമൂഹമാധ്യമങ്ങളും പ്രചുരപ്രചാരം നേടിയപ്പോൾ സാധാരക്കാരിൽ സാധാരണക്കാരനും വിമർശനത്തെ ഗൗരവമായി കാണുകയും ആസ്വദിക്കുകയും അതിൽ പങ്കെടുക്കുകയും ചെയ്യുവാൻ തുടങ്ങി. സ്വന്തമായ നിലപാടുകൾ രൂപപ്പെടുത്തി മനസാക്ഷിപക്ഷത്തു നിന്നുകൊണ്ട് സ്വതന്ത്ര ചിന്താസരണിയിൽ കാര്യങ്ങളെ അപഗ്രഥിക്കുവാൻ പൊതുസമൂഹം തുടങ്ങി.



ആരോഗ്യപരമായ വിമർശനങ്ങൾ സാമൂഹിക നിലനിൽപ്പിനും വീക്ഷണശുദ്ധീകരണത്തിനും മാനവിക കെട്ടുറപ്പിനും അനുപേക്ഷണീയമാണ്. അപ്പോൾത്തന്നെ അനാരോഗ്യവിമർശനവും മനഃപൂർവ്വവും ദുരുദ്ദേശപരവുമായ വിമർശനവും വസ്തുനിഷ്ടമല്ലാത്തതും പ്രതികാര വാഞ്ചയോടുള്ള വ്യക്തിഹത്യാവിമർശനവും പ്രതിരോധിക്കപ്പെടേണ്ടതുണ്ട്.

*തുടരും*

(*അടുത്ത ലക്കത്തിൽ*
വിമർശനം: ക്രിസ്തീയ നിർവ്വചനം)

EDITORIAL BOARD

CHIEF EDITOR
Santhosh Joseph

EDITOR
Stanly Kizhakkedath

SUB EDITORS
Saji Varghese, Maniyar
John David
Saji Methanam

ADVISORY BOARD
Raju Anicadu
Jaise Pandanad
Johnson George, Arizona

COORDINATORS
Shibu Daniel (Kuwait)
Rejimon Joseph (Doha)


Disclaimer: The views expressed in the articles are those of the writers. The magazine will not bear any responsibility for them. Some of the images used in this magazine have been downloaded from websites. We acknowledge that the copyright of those images remain with the original owners, and VACHANA VEEKSHANAM does not intend to use those for commercial purposes and does not claim any rights for them.

PAGINATION • New Creation Graphics • 9447160380

പാസ്റ്റർ ഷാജു സി. ജോസഫ്



ഞാനെന്നെ ക്രിസ്തുവുമായി കൈമാറ്റം ചെയ്തിരിക്കുന്നു. എന്നിലൂടെ നോക്കുന്നതും, കേൾക്കുന്നതും സംസാരിക്കുന്നതും ചിന്തിക്കുന്നതും ഞാനല്ല. മറ്റൊരാളാണ്.




# പാപം ചെയ്യാതെ ജീവിക്കുവാൻ സാധിക്കുമോ?

പാപം ചെയ്യാതെ ഒരു വ്യക്തിക്ക് ജീവിക്കുവാൻ സാധിക്കുമോ? സാമാന്യമായി 'പ്രയാസമാണ്', "'ഇല്ല'"എന്നിങ്ങനെയുള്ള ഉത്തരങ്ങൾക്കാണ് സാധ്യത. ഉത്തരം ശരിയാണെങ്കിൽ ദൈവവചനത്തിനു തെറ്റുപറ്റിയെന്നു പറയേണ്ടി വരും. എഴുത്തുകാരൻ വ്യാജം എഴുതിയെന്നും ഖേദിക്കേണ്ടി വന്നേക്കും. യോഹന്നാൻ എഴുതുന്നു; ദൈവത്തിൽ നിന്നു ജനിച്ചവരാരും പാപം ചെയ്യുന്നില്ല (1 യോഹ. 3:9).

തികച്ചും അസാധ്യമായൊരു കാര്യം എഴുതുവാൻ യോഹന്നാൻ തുനിയുമോ? അദ്ദേഹമത് ആവർത്തിക്കുകയും ചെയ്യുന്നുണ്ട്. ദൈവത്തിൽ നിന്നും ജനിച്ചിരിക്കുന്നവൻ ആരും പാപം ചെയ്യുന്നില്ല (1 യോഹ. 5:18). ഉറപ്പായ കാര്യം തികഞ്ഞ ബോധ്യത്തോടെ എഴുതുകയാണ്. അവ്യക്തതയോ ആശയ ഗൂഢതയോ ഒട്ടുംതന്നെ സ്പർശിക്കാത്ത വാക്യഭാഗം തന്നെ. സംശയമില്ല.

ഒന്നാമതായി, ഈ രണ്ടു വാക്യങ്ങളും പാപത്തിൽ തുടരുന്നില്ല എന്നോ പാപം ചെയ്തു കൊണ്ടിരിക്കുന്നില്ല എന്നോ വിവർത്തനം ചെയ്യേണ്ടതായിരുന്നു. അതാണ് യഥാർഥ ഭാഷയോടുള്ള നീതി (NIV English Bible).

തനിക്ക് സാധ്യമല്ലാത്ത കാര്യത്തിനപ്പുറത്തേക്ക് കണ്ണുകൾ നാം അറിയാതെ പാഞ്ഞുപോകുന്നു. ഒന്നുകൂടി ശ്രദ്ധിച്ചാൽ അതിന്റെ കാരണം അവിടെത്തന്നെ വ്യക്തമാക്കിയിട്ടുണ്ട്. ദൈവത്തിന്റെ വിത്ത് അവനിൽ വസിക്കുന്നു (1 യോഹ. 3:9).

അതുകൊണ്ടാണവന് പാപത്തിൽ തുടരാൻ കഴിയാത്തത്. പ്രകൃതിയിൽ ഉണ്ടായ മാറ്റം പാപത്തിന്റെ നിയമത്തിന് ആ വ്യക്തിയെ അതീതനാക്കുന്നു.

ഒരിക്കൽ ഒരു ബൈബിൾ ക്ലാസിൽ വച്ച് ഒരു വിദ്യാർഥി അഭിപ്രായപ്പെട്ടു: പാപം ചെയ്യാതെ ജീവിക്കുവാൻ സാധ്യമല്ല. തുടർന്നുള്ള ചർച്ചയിൽ ഭൂരിപക്ഷവും ആ അഭിപ്രായത്തോട് യോജിപ്പു പ്രകടിപ്പിക്കുകയും ചെയ്തു. മറ്റു ചിലർ വ്യക്തമായൊരു അഭിപ്രായവും പറഞ്ഞില്ല. നമുക്കു സാധിക്കാത്തത് യേശു പറഞ്ഞുവോ? ഇല്ല. ഒന്നും പഠിപ്പിച്ചിട്ടുമില്ല.

ശൂന്യാകാശത്തിൽ യാത്ര ചെയ്യുവാനോ ജീവിക്കുവാനോ എനിക്കു കഴിയുകയില്ല എന്നൊരാൾ പറഞ്ഞാൽ അത് ശരിയായിരിക്കാം. ആർക്കും കഴികയില്ല എന്നു പറയാൻ അയാൾക്കെങ്ങനെ ധൈര്യം വരും. ശൂന്യാകാശ യാത്രയ്ക്കുള്ള പേടകത്തിൽ പ്രത്യേക പരിശീലനം നേടി, അതിനനുയോജ്യമായ വസ്ത്രം ധരിച്ച്, സ്പേസ് സെന്ററുകൾ തയാറാക്കുന്ന ക്രമമനുസരിച്ച് ഒരാൾക്ക് സാധിക്കുന്ന കാര്യം മാത്രമാണത്.

ആദാമ്യ പ്രകൃതിയിൽ ജീവിച്ചുപോരുന്ന ഒരാൾക്ക് തികച്ചും സാധിക്കാത്തത് ക്രിസ്തുവിൽ സാധിക്കുന്നു. പൗലൊസ്, ന്യായപ്രമാണത്താൽ സാധിക്കാതെ നിലവിളിക്കുന്ന മനുഷ്യന് (റോമ. 7) ക്രിസ്തുവിൽ സാധ്യമാകുന്ന വിജയത്തെക്കുറിച്ച് എഴുതിയിട്ടുണ്ട് (റോമ. 8). ജീവന്റെ ആത്മാവിന്റെ പ്രമാണം എനിക്ക് പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽ നിന്ന് ക്രിസ്തുയേശുവിൽ സ്വാതന്ത്ര്യം വരുത്തിയിരിക്കുന്നു (റോമ. 8:2).

സാധ്യമല്ല എന്ന നിസ്സഹായ സ്വരം പഴയ സൃഷ്ടിയായ മനുഷ്യന്റേതാണ്. പുതിയ സൃഷ്ടിയായ ക്രിസ്തുവിലുള്ള മനുഷ്യന്റേതല്ല. സ്വയം ശ്രമിച്ചാൽ നടക്കാത്ത പ്രകൃത്യാതീതകാര്യങ്ങൾ ക്രിസ്തുവിൽ, ആത്മാവിൽ നടക്കും. വിശ്വസിക്കുന്നവനു സകലവും സാധ്യം"(മർക്കൊ. 9:23). എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു"(ഫിലി. 4:13). ക്രിസ്തുവും പരിശുദ്ധാത്മാവും സാധ്യമാക്കിത്തന്ന കാര്യങ്ങളെ കാണാത്ത അല്ലെങ്കിൽ അറിയാത്ത വ്യക്തിക്കു മാത്രമേ വിശുദ്ധ ജീവിതം അസാധ്യമായി അവശേഷിക്കയുള്ളൂ.

പ്രകൃതി കൈമാറ്റം ചെയ്യണം. നാമെല്ലാവരും ആദാമ്യ പ്രകൃതിയിൽ ജനിച്ചവരാണ്. ആ പ്രകൃതിയിൽ ജീവിക്കുന്ന ഒരാൾക്ക് പാപത്തെ ജയിക്കുക പ്രയാസമുള്ള കാര്യമാണ്. ആ പ്രകൃതം പാപത്തിന്റെയും മരണത്തിന്റെയും നിയമത്തിന് അടിമയാണ് (റോമ. 7:23). തോൽവിയുടെ വിലാപമല്ലാതെ വിജയത്തിന്റെ ആരവം അവരിൽ നിന്നുയരുന്നില്ല. അവർ, സമാനനുഭവക്കാരായ പരാജിതരിലേക്കു നോക്കി ആശ്വസിക്കുകയോ സ്വയം നീതീകരിച്ചോ തൃപ്തിയടയുവാൻ ശ്രമിക്കുകയായിരിക്കും. ഈ അവസ്ഥയ്ക്ക് സമൂലമായ മാറ്റമല്ല വേണ്ടത്. ഒരുതരം കൈമാറ്റമാണ്. എന്റെ പരാജയങ്ങൾ മറ്റൊരാളുടെ വിജയവുമായി കൈമാറണം.

സ്നാനത്താൽ യേശുവിനോടൊപ്പം മരണം, അടക്കം, ഉയിർപ്പ് എന്നിവയോട് താദാത്മ്യപ്പെടുകയും പുതിയ സൃഷ്ടിയായി മാറി എന്നത് ആത്മ മണ്ഡലത്തിൽ അംഗീകരിക്കുകയും ചെയ്യുന്നൊരു വ്യക്തിക്ക് അത് സാധ്യമാണെന്നത് തീർച്ചയാണ്.

ജനനം, സാഹചര്യം എന്നിവ ഒരു വ്യക്തിയുടെ സ്വഭാവം, ജീവിതം എന്നിവയിൽ നിർണായക സ്വാധീനം ചെലുത്തുമെന്ന് നമുക്കറിയാം. വീണ്ടും ജനനം ഉയരത്തിൽ നിന്നുള്ളതാകുന്നതിനാൽ അതിന്റെ ജനിതക ഘടന ദൈവികമാണ്. പഴയ ആദാമ്യ പ്രകൃതിയുടെ ഇരിപ്പിടങ്ങളായ ജഡവും സ്വയവും ക്രൂശിക്കപ്പെട്ടിരിക്കുകയാണ് എന്നുള്ളതിനാൽ ദൈവിക സ്വഭാവത്തെ വെളിപ്പെടുത്തുക എളുപ്പവുമാണ്.

പക്ഷേ, മരിച്ചു എന്ന് നിമിഷം തോറും എണ്ണുന്നവനേ അതു സാധിക്കുകയുള്ളൂ. ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു (ഗലാ. 2:20). ക്രിസ്തുയേശുവിനുള്ളവർ ജഡത്തെ അതിന്റെ രാഗമോഹങ്ങളോടുകൂടെ ക്രൂശിച്ചിരിക്കുന്നു"(ഗലാ. 5:24). ഇനി ജീവിക്കുന്നത് ഞാനല്ല; ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നത് എന്നെഴുതുവാൻ അപ്പൊസ്തലന് കഴിയുന്നത് ക്രൂശീകരണം നടന്നിരിക്കുന്നു എന്നതിനാലാണ്.

ഞാനെന്നെ ക്രിസ്തുവുമായി കൈമാറ്റം ചെയ്തിരിക്കുന്നു. എന്നിലൂടെ നോക്കുന്നതും, കേൾക്കുന്നതും സംസാരിക്കുന്നതും ചിന്തിക്കുന്നതും ഞാനല്ല. മറ്റൊരാളാണ്. ജയാളിയായ ഒരാളുടെ എല്ലാ വിജയങ്ങളും പരാജിതനായ എന്നിലേക്ക് സന്നിവേശിപ്പിക്കുകയാണ്. ഇപ്പോൾ എനിക്ക് ചിന്തിക്കുവാൻ സാധിക്കുന്നു, ജയകരമായ ജീവിതം എല്ലാവർക്കും സാധ്യമാണ് എന്ന സത്യം.

---

ഓർമ്മക്കുറിപ്പ്



സജി വർഗ്ഗീസ് മണിയാർ



# ഒരു പഞ്ചാബ് യാത്രയുടെ ഓർമ്മ

2008 മാർച്ചിലെ ഒരു മിഷൻ ട്രിപ്പിൽ നടന്ന സംഭവം ആണ്. ആ യാത്രയിൽ ഉത്തർപ്രദേശ്, ഹരിയാന, ഹിമാചൽ പ്രദേശ്, പഞ്ചാബ് എന്നീ സംസ്ഥാനങ്ങൾ ആണ് സന്ദർശിച്ചത്. യാത്രയുടെ ഉദ്ദേശ്യം സെമിനാരിയിൽ പഠിപ്പിച്ച വിദ്യാർത്ഥികളെ സന്ദർശിക്കുകയും അവരുടെ പ്രവർത്തനങ്ങളെ സഹായിക്കുകയും എന്നതായിരുന്നു. ഉത്തർപ്രദേശിലെ അലിഗഡിൽ പ്രവർത്തിക്കുന്ന പാസ്റ്റർ റെജിയുടെ അടുത്ത് ചില ദിവസങ്ങൾ താമസിച്ചിട്ട് അവിടെ നിന്നും അംബാലയിൽ ഉണ്ടായിരുന്ന പാസ്റ്റർ ബിജു സോളമന്റെ അരികിലേക്കാണ് പോയത്. ഇവർ രണ്ടു പേരും എന്റെ പഴയ സതീർഥ്യർ ആണ്. അവരോടൊത്തു താമസിച്ചതും ചില യോഗങ്ങളിൽ പ്രസംഗിച്ചതും അവിസ്മരണീയമാണ്.

അംബാലയിൽ നിന്നും പോയത് ഹിമാചലിലെ സുന്ദർനഗറിലേക്കാണ്. അന്ന് അവിടെ പ്രവർത്തിച്ചിരുന്ന റെജി ജോർജിന്റെ കൂടെ ചില ദിവസങ്ങൾ പാർത്തനന്തരം പഞ്ചാബിലേക്കാണ് പോയത്. ആദ്യമായിട്ടാണ് പഞ്ചാബിൽ. നങ്കലിൽ പാസ്റ്റർ ആയിരിക്കുന്ന ക്രിസ്തുദാസിന്റെ അടുത്തേക്കാണ് ആദ്യം പോയത്. അദ്ദേഹവും കൂടെ പഠിച്ചതാണ്. വളരെ നല്ല സ്ഥലം. ക്രിസ്തുദാസ് എന്നെ, ഭക്രാനങ്കൽ അണക്കെട്ടൊക്കെ കാണിക്കാൻ കൊണ്ടുപോയി. മൂന്നാം ക്ലാസ് മുതലുള്ള ഒരു ആഗ്രഹം ആയിരുന്നു അങ്ങനെ സഫലമായത്. അടുത്ത സ്ഥലം ഫരീദ്കോട്ട് ആണ്. അവിടെ എന്റെ വിദ്യാർത്ഥികളിൽ ഒരാൾ ആയ ചാക്കോ വർഗീസ് പുതിയ സഭ തുടങ്ങിയ സമയമാണ്. നങ്കലിൽ നിന്നും ബസിനാണ് ഫരീദ്കോട്ടേക്കു പോകേണ്ടത്. പാസ്റ്റർ ക്രിസ്തുദാസ്; തന്റെ ബൈക്കിൽ എന്നെ ബസ്റ്റേഷനിലേക്കു കൊണ്ടുപോകവേ ആ വഴി വന്ന ഒരു ബസിലേക്ക് എന്നെ കയറ്റി വിടുകയായിരുന്നു. ആ ബസ് റോപ്പർ എന്ന സ്ഥലത്തേക്കുള്ളതായിരുന്നു. റോപ്പറിൽ നിന്നും ലുധിയാനയ്ക്കും അവിടെ നിന്നും ഫരീദ്കോട്ടേക്കും ആയിരുന്നു പോകേണ്ടിയിരുന്നത്. റോപ്പറിന് ടിക്കറ്റ് എടുത്തപ്പോൾ 8 രൂപ ബാക്കി കിട്ടാനുണ്ടായിരുന്നു. യാത്രാ ചെലവിന്റെ കണക്ക് ഓഫീസിൽ കൊടുക്കേണ്ടതിനാൽ ടിക്കറ്റ് ചാർജ്, ടിക്കറ്റിന്റെ പുറകിൽ എഴുതി വച്ചു. റോപ്പർ എത്താറായപ്പോൾ ഞാൻ ബാക്കി ആവശ്യപ്പെട്ടു. ടിക്കറ്റ് കാണിക്കണം എന്ന് കണ്ടക്ടർ ആവശ്യപ്പെട്ടപ്പോൾ ഞാൻ പോക്കറ്റിൽ നിന്നും ടിക്കറ്റ് എടുത്തു കൊടുത്തു. ടിക്കറ്റിന്റെ പുറകിൽ എന്തിനാണ് എഴുതിയത് എന്ന് ചോദിച്ചപ്പോൾ ഞാൻ കാര്യം പറഞ്ഞു. പക്ഷേ അതൊന്നും കേൾക്കാൻ അയാൾ തയ്യാറായില്ലന്നു മാത്രമല്ല ഞാൻ കള്ളനാണ് എന്ന് ബസിലെ യാത്രക്കാരോട് ഉച്ചത്തിൽ വിളിച്ചു പറയുകയും എന്റെ പോക്കറ്റിൽ ഉണ്ടായിരുന്ന പണം എടുക്കുകയും ചെയ്തു. എനിക്ക് പറയാനുള്ളത് ഞാൻ ഹിന്ദിയിൽ പറഞ്ഞു പക്ഷെ അത് കേൾക്കാൻ അവർ ആരും തയ്യാറല്ലായിരുന്നു. ബസിലെ മുഴുവൻ യാത്രക്കാരും പഞ്ചാബി ഭാഷയിൽ എന്നെ ചീത്തവിളിക്കാനും അടിക്കാനും തുടങ്ങി. ഒരാൾ ബസിന്റെ മുൻഭാഗത്തു നിന്നും ഒരു വലിയ വാൾ എടുത്തുകൊണ്ടു വന്ന് എന്നെ വെട്ടി കൊല്ലണം എന്ന് പറഞ്ഞു. ഒരു സിഖ് ഗുരു അയാളുടെ കൈയിലെ കുട കൊണ്ട് എന്റെ കഴുത്തിൽ പിടിച്ചു വലിച്ചു. പ്രായമുള്ള മെലിഞ്ഞ അമ്മച്ചിമാർ ഒക്കെ എന്റെ നേരെ ആക്രോശിക്കുകയാണ്... മുഖം അടച്ചുള്ള ഒരു അടിയിൽ ചുണ്ടു മുറിഞ്ഞു രക്തം ഒഴുകാൻ തുടങ്ങി. അപ്പോഴേക്കും ബസ്, സ്റ്റാൻഡിൽ എത്തി. ബസിൽ ഉണ്ടായിരുന്ന അജാനബാഹുവായ ഒരു മനുഷ്യൻ എന്റെ പാന്റ്സിനും ബെൽറ്റിനും കൂടെ പിടിച്ചു ബസിൽ നിന്നും വലിച്ചിറക്കി. അപ്പോഴേക്കും എന്റെ ബാഗ് ഞാൻ കയ്യിൽ എടുത്തിരുന്നു. അയാൾ എന്നെ പൊക്കി എടുത്തു സ്റ്റാൻഡിൽ ഉണ്ടായിരുന്ന ഒരു കസേരയിൽ കൊണ്ട് ഇട്ടു. എന്നിട്ടു അവിടെ ഉണ്ടായിരുന്ന ആളുകളെ വിളിച്ചു കൂട്ടാൻ തുടങ്ങി. ഒരാഴ്ച മുൻപ് ബീഹാറിൽ കള്ളൻ എന്ന് പറഞ് ഒരാളെ നാട്ടുകാർ തല്ലി കൊന്ന കാര്യം എന്റെ മനസിലൂടെ കടന്നു പോയി. ഇതെന്റെ അവസാനം ആണ് ഞാൻ തീർച്ചയാക്കി... ആളുകൾ ഓടി കൂടുകയാണ്. വളരെ പെട്ടെന്നാണ് അത് സംഭവിച്ചത്...മെലിഞ്ഞ ഒരാൾ ഓടി വന്നിട്ട് എന്നോട് പറഞ്ഞു സ്റ്റാൻഡിന്റെ പുറകിലൂടെ രക്ഷപെട്ട് കൊള്ളാൻ. ബാഗും എടുത്തുകൊണ്ടു ഞാൻ അയാൾ പറഞ്ഞ വഴിയിലൂടെ സ്റ്റാൻഡിന്റെ പുറകിലേക്ക് ഓടി രക്ഷപ്പെട്ടു. ആരായിരുന്നിരിക്കാം അത്? എന്തുകൊണ്ടാണ് രക്ഷപ്പെട്ടുകൊള്ളാൻ അയാൾ എന്നോട് പറഞ്ഞത്? ഉപദ്രവിക്കാൻ എത്തിയവരുടെ കൂടെ അയാൾക്കും കൂടാമായിരുന്നില്ലേ? അതോർക്കുമ്പോൾ ദൈവത്തിന് നന്ദി പറയും.

എന്നെ രക്ഷിക്കാനായി ദൈവം ആ മനുഷ്യനെ അയച്ചില്ലായിരുന്നു എങ്കിൽ ഒരു പക്ഷെ ഈ കുറിപ്പ് എഴുതാൻ ഞാൻ ഈ ഭൂമിയിൽ ഉണ്ടാകുമായിരുന്നില്ല. ദൈവത്തിന്റെ കരുതലിനായി സ്തോത്രം.

പാൻസിന്റെ പോക്കറ്റിൽ കിടന്ന പഴ്സിൽ ഉണ്ടായിരുന്ന പണം കൊണ്ടാണ് തുടർന്ന് യാത്ര ചെയ്യാൻ സാധിച്ചത്. കൈയ്യിൽ ഉണ്ടായിരുന്ന 500 രൂപയ്ക്കു ചില്ലറ വാങ്ങാൻ സ്റ്റാൻഡിന്റെ പുറകിലുള്ള ഒരു കടയിൽ കയറിയപ്പോൾ എനിക്കുണ്ടായ അനുഭവം ഞാൻ കടക്കാരനോട് പറഞ്ഞപ്പോൾ അയാൾ പറയുകയാണ്. "നിങ്ങൾ നന്നായി ഹിന്ദി സംസാരിക്കുന്നുണ്ടല്ലോ പിന്നെ എങ്ങനെയാണ് ഇത് സംഭവിച്ചത്? ഒരു പക്ഷെ ബാക്കി ചോദിച്ചത് കണ്ടക്ടർക്ക് ഇഷ്ടപ്പെട്ടുകാണില്ല. സാധാരണായായി ബാക്കി കൊടുക്കാനുള്ള ചെറിയ തുക എല്ലാം കൂടെ കൂട്ടി വയ്ക്കുമ്പോൾ ഒരു തുകയാകും. അത് കണ്ടക്ടർ എടുക്കും."ശരി ആയിരിക്കാം. അദ്ദേഹത്തിന്റെ പണക്കൊതി കൊണ്ടായിരിക്കാം ഇത് സംഭവിച്ചത്.

ആ യാത്രയിൽ ഞാൻ ഉൾക്കൊണ്ട ഏറ്റവും വലിയ പാഠം. കൈയ്യിൽ ചില്ലറയുമായി യാത്ര ചെയ്യാൻ ശ്രമിക്കുക. ബസ് ഫെയർ കൃത്യമായി ചോദിച്ചു മനസിലാക്കിയതിനു ശേഷം കൃത്യമായ തുക നൽകുക.

***പിൻ കുറിപ്പ്:***

എന്നെ മിഷൻ ട്രിപ്പിനയച്ച നേതാവിനെ ഇക്കാര്യം ഇമെയിൽ ചെയ്തു അറിയിച്ചു എങ്കിലും നേരിൽ കണ്ടു ഒരു ആശ്വാസവാക്കു പറഞ്ഞില്ലല്ലോ എന്നോർക്കുമ്പോൾ ഇപ്പോഴും ഹൃദയത്തിൽ ഒരു നൊമ്പരം തോന്നാറുണ്ട്.



ഈ ഒഴിവുകാലം അർഥപൂർണ്ണവും ആഹ്ലാദഭരിതവുമായി ചെലവഴിക്കുവാൻ ദൈവം നിങ്ങളെ സഹായിക്കട്ടെ. ജീവിതത്തിന്റെ നല്ല പാഠങ്ങൾ പരിശീലിക്കുവാൻ ഈ ഒഴിവുവേള ഉപയുക്തമാക്കുക. സമ്മർദ്ദങ്ങൾക്ക് അവധി നൽകി സന്തോഷചിത്തരാകുക.

# ഹാപ്പി ഹോളിഡേയ്സ്...



വർഗ്ഗീസ് ബേബി, കായംകുളം

പരീക്ഷച്ചൂടിനും പിരിമുറുക്കത്തിനും വിട... ഇനിയുള്ള ദിനങ്ങൾ കുട്ടികൾ അവധിയുടെ ആഹ്ളാദനിറവിലാണ്. കളിയും ചിരിയും യാത്രകളുമായി ഉല്ലാസത്തിമിർപ്പിലാകുന്ന ദിനങ്ങൾ... ഈ അവസരത്തിൽ വിദ്യാർഥി ജീവിതത്തിന്റെ ഗൃഹാതുരതയുളവാക്കുന്ന അവധിക്കാലചിന്തകൾ മനസിലേക്കെത്തുന്നു. അദ്ധ്യയനവർഷത്തിന്റെ അവസാനദിനത്തിലെ കണക്കു പരീക്ഷ കഴിയുമ്പോൾ സ്വർഗം കിട്ടിയ പ്രതീതിയായിരുന്നു അന്നൊക്കെ. കാരണം, അടുത്ത രണ്ടു മാസം പുസ്തകം കൈകൊണ്ടു തൊടേണ്ടാ എന്നതു തന്നെ. പോയിരുന്ന് പഠിക്കെടാ"എന്ന പതിവുപല്ലവി കുറെ ദിവസത്തേക്കെങ്കിലും കേൾക്കേണ്ടല്ലോ.

കണ്ണിമാങ്ങ പൊഴിയുന്ന നാട്ടുമാവിൻ ചുവട്ടിലും ചുവന്നുതുടുത്ത പറങ്കിപ്പഴങ്ങളുമായി പ്രലോഭിപ്പിക്കുന്ന കശുമാവിൻ ചുവട്ടിലും അലഞ്ഞുനടക്കുന്നത് എന്തൊരു രസമായിരുന്നു! ആസ്വദിക്കുവാൻ എന്തെല്ലാം രുചികൾ... ആഹ്ളാദിക്കാൻ എന്തെല്ലാം കളികൾ... നാട്ടിൻപുറത്തെ കളിക്കളങ്ങൾ സജീവമാകുന്ന ആ രണ്ടു മാസത്തിൽ ഓർത്തിരിക്കാൻ ധാരാളം അനുഭവങ്ങളും നല്ല സൗഹൃദങ്ങളും ലഭിക്കുമായിരുന്നു. ആ നല്ല കാലം കൈമോശം വന്നതിൽ ചിലപ്പോഴെങ്കിലും ദുഃഖം തോന്നാറുണ്ട്.

കാലത്തിന്റെ തിരിച്ചിലിൽ ഇന്ന് എല്ലാറ്റിനും മാറ്റം വന്നിരിക്കുന്നു. ജീവിതത്തിന്റെ സമസ്ത മേഖലകളെയും ബാധിച്ചിരിക്കുന്ന യാന്ത്രികത നമ്മുടെ കുരുന്നുകളുടെ ദിനചര്യകളെയും സ്വഭാവരൂപീകരണത്തെയും വളരെ സ്വാധീനിച്ചുകഴിഞ്ഞു. നമ്മുടെ കുട്ടികൾ ഇന്ന് യഥാർഥത്തിൽ അവധി ആഘോഷിക്കുന്നുണ്ടോ? അവരെ നാം അതിന് അനുവദിക്കുന്നുണ്ടോ? ഒഴിവുകാലം ഇന്നു നമ്മുടെ പലകുട്ടികൾക്കും അന്യമല്ലേ? പഠിച്ചില്ലെങ്കിൽ താൻ മത്സരങ്ങളുടെ ഈ ലോകത്ത് തഴയപ്പെടുമെന്നും പിന്നിലായിപ്പോകുമെന്നുമുള്ള ചിന്ത നമ്മുടെ കുട്ടികളിൽ രൂഢമൂലമായിരിക്കുന്നു. അതുകൊണ്ടുതന്നെ അവർക്ക് അവധിയുടെ ഊഷ്മളത അനുഭവിക്കുവാൻ കഴിയുന്നില്ല. വർഷാന്ത്യ പരീക്ഷ കഴിയുമ്പോൾ തന്നെ അടുത്ത ക്ലാസിലെ പാഠപുസ്തകങ്ങളുമായി ട്യൂഷൻ ടീച്ചർ അവരെ കാത്തിരിക്കുന്നുണ്ടാവും. വിവിധ മത്സരപരീക്ഷകളുടെ പരിശീലനക്ലാസുകൾ വേറെ. പഠനഭാരവും സമ്മർദ്ദവും നമ്മുടെ കുട്ടികളുടെ വൈകാരികതയെയും വ്യക്തിത്വത്തെയും വളരെയധികം സ്വാധീനിക്കുന്നു.

പഠന സമ്മർദ്ദത്തിന് അവധി നൽകി ഒഴിവുകാലം ഉല്ലാസകരമാക്കുവാൻ ചില പ്രായോഗിക ചിന്തകൾ.

### കളികൾ മാത്രം പോരാ!

അവധിക്കാലം മുഴുവൻ സമയവും കളിച്ചു തിമിർക്കുവാനുള്ളതല്ല. വിനോദവും വിജ്ഞാനവും ഒപ്പം ആത്മിക അറിവുകളും ആർജ്ജിക്കുവാനുള്ള അവസരമാണിത്. അടുത്ത അധ്യയനവർഷത്തേക്കു പോകും മുമ്പ് മനസിനെ പഠനത്തിനായി സജ്ജമാക്കുവാനും പരിപക്വമാക്കുവാനും ഈ ഒഴിവുവേള ഉപയോഗപ്പെടുത്തണം.

### എന്തെല്ലാം കളികൾ

മുമ്പൊക്കെ കുട്ടികൾ കായികശേഷിയുണർത്തുന്ന വിവിധ കളികളിൽ ഏർപ്പെടുമായിരുന്നു. എന്നാൽ ഇന്ന് ലെയ്സും, ചീറ്റോസും, കുർക്കുറെയും കഴിച്ചുകൊണ്ട് ടെലിവിഷന്റെയോ കംപ്യൂട്ടറിന്റെയോ മുമ്പിൽ ചടഞ്ഞുകൂടിയിരിക്കുവാനോ അല്ലെങ്കിൽ മൊബൈലിൽ ഗെയിമുകളിലേർപ്പെടുവാനോ ആണ് മിക്കവർക്കും താല്പര്യം. ഫലമോ പൊണ്ണത്തടിയും അനാരോഗ്യവും വിളിച്ചുവരുത്തുന്നു. കുട്ടികൾ കായികാധ്വാനം ആവശ്യമായ കളികളിൽ ഏർപ്പെടുന്നത് അഭികാമ്യമാണ്. അത് ചുറുചുറുക്കും ഉത്സാഹവും പ്രദാനം ചെയ്യും. പരിക്കുകളൊ മുറിവുകളൊ ചതവുകളൊ സംഭവിക്കാതെ സൂക്ഷിക്കണമെന്നു മാത്രം. കൂടാതെ ബുദ്ധിവികാസത്തിനും ഓർമശക്തിക്കും ഉതകുന്ന വിവിധ ഗെയിമുകളിലും ഏർപ്പെടാം.

### വായിച്ചു വളരുക

അവധിക്കാലത്ത് വായനാശീലമുള്ളവരായിത്തീരുന്നത് ജീവിതവിജയത്തിനും പഠനത്തിനും സഹായകരമാണ്. ഈ അവധിക്കാലത്ത് വായിച്ചുതീർക്കുവാൻ പറ്റിയ ഒന്നോ രണ്ടോ നല്ല പുസ്തകങ്ങൾ കുട്ടികൾ തിരഞ്ഞെടുക്കുക. മാതാപിതാക്കൾ അവർക്ക് നല്ല പുസ്തകങ്ങൾ വാങ്ങിക്കൊടുക്കുക. വായിക്കുന്നത് കഥകളും നോവലുകളും മാത്രമാകാതെ മഹാന്മാരുടെ ജീവചരിത്രങ്ങൾ, യാത്രാക്കുറിപ്പുകൾ, അനുഭവക്കുറിപ്പുകൾ, ബൈബിൾ കഥാപാത്രങ്ങളെക്കുറിച്ചുള്ള ചരിത്രങ്ങൾ തുടങ്ങിയവയെല്ലാം വായനയിൽ ഉൾപ്പെടുത്താം. വേദപുസ്തകം ക്രമമായി വായിക്കുന്നതും ഒരു ശീലമാക്കുക.

### ആത്മിക പരിപോഷണം

ആത്മികകാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ ചെലുത്തുവാൻ പറ്റിയ സമയമാണ് ഈ അവധിക്കാലം. നിങ്ങൾക്ക് ഏറ്റവും അടുത്തുള്ള വെക്കേഷൻ ബൈബിൾ സ്കൂളിൽ (വി.ബി.എസ്) നിശ്ചയമായും പങ്കെടുക്കുക. കഥകളും പാട്ടുകളും ദൈവവചനവും നിങ്ങൾക്ക് പുതിയ തീരുമാനങ്ങളെടുക്കുവാനും ജീവിതത്തിൽ പുതിയ ദിശാബോധം നൽകുന്നതിനും പര്യാപ്തമായതാണ്.

### ഉല്ലാസയാത്രകൾ... ആഹ്ലാദവേളകൾ

യാത്രകൾ കുട്ടികളിൽ പൊതുവെ ഉന്മേഷമുളവാക്കുന്നതാണ്. ഈ അവധിക്കാലത്ത് കുട്ടികളും മാതാപിതാക്കളും ഒരുമിച്ച് എവിടേക്കെങ്കിലും യാത്ര ക്രമീകരിക്കുക. ജോലിത്തിരക്കുകൾക്കിടയിൽ കുട്ടികളുമായി വേണ്ടത്ര സംഭാഷണങ്ങളൊ ഇടപഴകലുകളൊ സാധ്യമല്ലാത്തവർ നിശ്ചയമായും അവരുമായി യാത്ര ക്രമീകരിക്കുക. ഈ യാത്രയിൽ നിങ്ങളോട് മനസുതുറന്ന് ആശയവിനിമയം നടത്തുവാൻ കുട്ടികളെ അനുവദിക്കുക. അവരുടെ മാനസികവിചാരങ്ങൾ മാതാപിതാക്കളായ നിങ്ങൾക്ക് മനസിലാക്കുവാനും അതനുസരിച്ച് തുടർന്ന് അവരോട് സ്നേഹപൂർവം ഇടപെടുവാനും സാധിക്കും.

### ദീനാനുകമ്പയുടെ നല്ല പാഠങ്ങൾ

അനുകമ്പയുടെയും സൗഹൃദത്തിന്റെയും സ്നേഹസംഭാഷണത്തിന്റെയും സ്നേഹപരിചരണത്തിന്റെയും പാഠങ്ങൾ കുട്ടികൾ മാതാപിതാക്കളിൽ നിന്നാണ് പഠിക്കേണ്ടത്. അതിന് ഈ അവധിക്കാലം ഉപയോഗപ്പെടുത്താം. നിങ്ങളുടെ വൃദ്ധരായ മാതാപിതാക്കളോടൊപ്പം ചില ദിവസങ്ങൾ കഴിയുവാൻ കുട്ടികളെ ഉത്സാഹിപ്പിക്കുക. അത് നിങ്ങളുടെ വൃദ്ധമാതാപിതാക്കളിൽ വിവരണാതീതമായ ആനന്ദമായിരിക്കും ഉളവാക്കുക. കൂടാതെ രോഗാവസ്ഥയിലുള്ള നിങ്ങളുടെ ബന്ധുവിനെയൊ അയൽക്കാരനെയോ സഭാവിശ്വാസിയെയോ സന്ദർശിക്കുവാൻ നിങ്ങളുടെ കുട്ടികളെയും ഒപ്പം കൂട്ടുക. അവർ സുഖസൗകര്യങ്ങൾ മാത്രം അനുഭവിച്ച് ഭവനത്തിന്റെ തണലിൽ കഴിയാതെ ജീവിതയാഥാർഥ്യങ്ങളും മറ്റുള്ളവരുടെ വേദനകളും മനസ്സിലാക്കട്ടെ. മറ്റുള്ളവരോടു മനസ്സലിവു കാട്ടുവാൻ ഇതവരെ പ്രേരിപ്പിക്കും.

### പച്ചക്കറിത്തോട്ടം

മാതാപിതാക്കൾ കൃഷി ചെയ്യുന്നത് കണ്ടിട്ടുണ്ടോ? കൃഷിയിടങ്ങളിൽ സഞ്ചരിച്ച് സ്വന്തമായി കൃഷി ചെയ്യാനും അതിലൂടെ ധനസമ്പാദനം നേടുവാനും ഈ അവധിക്കാലം വിനിയോഗിക്കുക. ചീര, വെണ്ട, പടവലം, പാവൽ, കോവൽ എന്നിവ നട്ടുവളർത്തുന്നതും പരിചരിക്കുന്നതും ഒരു ശീലമാക്കുക. മധ്യവേനലവധി കഴിയുമ്പോൾ തന്നെ വിളവെടുക്കാൻ തുടങ്ങാം. ഇങ്ങനെ ഓരോ ദിവസവും കൃഷിയിടങ്ങൾ സഞ്ചരിച്ച് അവ നനയ്ക്കുന്നതിനും കീടങ്ങളുടെ ആക്രമണത്തെ ചെറുക്കുന്നതിനും ഇന്നുമുതലേ ശീലിക്കുക. പച്ചക്കറി വീട്ടുവളപ്പിൽ തന്നെകൃഷി ചെയ്ത് നിങ്ങൾക്കാവശ്യമുള്ളത് നേടാം. ഇന്ന് മിക്ക സ്കൂളുകളിലും പച്ചക്കറി തോട്ടം പ്രോത്സാഹിപ്പിക്കുന്നുണ്ട്. ഇതിനു വേണ്ടത് അല്പം ശ്രദ്ധയും പരിചരണവും മാത്രം. നമ്മുടെ കടകളിൽ ലഭിക്കുന്ന വിഷം വിതച്ച പച്ചക്കറികളെക്കാൾ നാം നട്ടുവളർത്തുന്ന പച്ചക്കറികൾ തന്നെയാണ് നല്ലത്. ഇന്നുമുതൽ അതിനായി പരിശ്രമിക്കുക.

### ബന്ധങ്ങളും സൗഹൃദങ്ങളും

മാതാപിതാക്കളും കുട്ടികളും ബന്ധുവീടുകളിൽ പോകുന്നതും സൗഹൃദം പുലർത്തുന്നതും കുട്ടികൾക്ക് ആനന്ദമായിരിക്കും. സ്വന്തം ഭവനത്തിൽ നിന്നും കുട്ടികളെ ബന്ധുവീട്ടിൽ വിടുന്ന പതിവ് സർവസാധാരണമാണ്. ഇത് വളരുന്ന കുട്ടികൾക്ക് സ്വാതന്ത്ര്യത്തിനും അതിലൂടെ കുറ്റവാസനകളിലേക്ക് നയിക്കുന്നതിനും ഇടയാക്കും. അമിത സ്വാതന്ത്ര്യം നിമിത്തം കൗമാരക്കാരുടെ ഇടയിൽ ഇത്തരം ക്രിമിനൽ സംഭവങ്ങൾ നിരവധി നടന്നതായി പഠനങ്ങൾ തെളിയിക്കുന്നു.

മക്കളെ ബന്ധുവീട്ടിൽ വിടുമ്പോൾ മാതാപിതാക്കളുടെ ശ്രദ്ധ എപ്പോഴും ഉണ്ടായിരിക്കണം. എന്നാൽ മാതാപിതാക്കളൊന്നിച്ച് ബന്ധങ്ങൾ പുതുക്കുന്നതിനും ബന്ധങ്ങളുടെ ഇഴയടുപ്പം മനസിലാക്കുന്നതിനും കുറെ ദിവസത്തേക്കെങ്കിലും യാത്ര ചെയ്യുന്നത് നല്ലതാണ്. ബന്ധങ്ങളിലൂടെ നല്ല സൗഹൃദം നിലനിർത്താനും കുട്ടികൾക്ക് ആത്മവിശ്വാസവും അവരിലൂടെ സന്തോഷവും ഇങ്ങനെ വീട്ടിൽ നിന്നു മറ്റൊരു വീട്ടിലേക്കുള്ള കൂടുമാറ്റം ടെൻഷനും പിരിമുറുക്കവും ഒഴിവാക്കും.

ഈ ഒഴിവുകാലം അർഥപൂർണ്ണവും ആഹ്ലാദഭരിതവുമായി ചെലവഴിക്കുവാൻ ദൈവം നിങ്ങളെ സഹായിക്കട്ടെ. ജീവിതത്തിന്റെ നല്ല പാഠങ്ങൾ പരിശീലിക്കുവാൻ ഈ ഒഴിവുവേള ഉപയുക്തമാക്കുക. സമ്മർദ്ദങ്ങൾക്ക് അവധി നൽകി സന്തോഷചിത്തരാകുക. അങ്ങനെ ഒഴിവുകാലം ആനന്ദപ്രദവും ആഘോഷപ്രദവുമാക്കുക.

## വൈദ്യുത സംരക്ഷണം: ചില ടിപ്സുകൾ




- പ്രകൃതിദത്തമായ വെളിച്ചം പരമാവധി ഉപയോഗിക്കുക ലൈറ്റും ഫാനും എ.സിയും മറ്റും വൈദ്യുത ഉപകരണങ്ങളും ആവശ്യമില്ലാത്തപ്പോൾ ഓഫാക്കാൻ ശ്രദ്ധിക്കുക.
- സാധാരണ ബൾബിന് 10 മുതൽ 15% വരെ മാത്രമെ കാര്യക്ഷമത ഉള്ളൂ എന്നു മനസ്സിലാക്കുക.
- ബൾബുകൾക്കു പകരം LED വിളക്കുകൾ ഉപയോഗിക്കുക.
- BLDC ഫാൻ ഏറ്റവും കാര്യക്ഷമതയുള്ളവയാണ്.
- ഫാനുകൾക്ക് ഗുണമേന്മയുള്ള ഇലക്ട്രോണിക് റഗുലേറ്ററുകൾ ഉപയോഗിക്കുക.
- പാചകത്തിന് വൈദ്യുതി ഉപയോഗിക്കാതിരിക്കുക.
- വെള്ളം ചൂടാക്കുന്നതിന് വൈദ്യുതി ഉപയോഗിക്കുന്നത് നിരുത്സാഹപ്പെടുത്തുക.
- വൈദ്യുത വിളക്കുകളും ഷേഡുകളും കാലാകാലങ്ങളിൽ തുടച്ചു വൃത്തിയാക്കുക.
- ഇസ്തിരി ഇടുവാൻ കഴിവതും ആട്ടോമാറ്റിക് അയൺ ഉപയോഗിക്കുക. എല്ലാ ദിവസങ്ങളിലുമുള്ള ഇസ്തിരി ഉപയോഗം ഒഴിവാക്കുക.
- വൈദ്യുത അലങ്കാരങ്ങൾ തീർത്തും ഒഴിവാക്കുക.
- അധികം വൈദ്യുതി ആവശ്യമുള്ള സമയത്ത് (വൈകിട്ട് 6 മുതൽ 10 വരെ) ശക്തികൂടിയ വൈദ്യുത ഉപകരണങ്ങൾ (പമ്പ്, ഗ്രൈന്റർ, ഇസ്തിരി) ഉപയോഗിക്കാതിരിക്കുക.
- ഫ്രിഡ്ജ് ഇടയ്ക്കിടെ തുറക്കാനിടവരുത്തരുത്. ആവശ്യത്തിന് മാത്രം തുറക്കുക. എത്രയും വേഗം അടച്ചുവയ്ക്കുക.
- ഫ്രിഡ്ജിനുള്ളിൽ മരവിപ്പിക്കേണ്ട ആഹാരസാധനങ്ങളൊന്നും സൂക്ഷിക്കുന്നില്ലെങ്കിൽ താപനില വളരെ താഴ്ത്തിവയ്ക്കേണ്ടതില്ല.
- പാചകത്തിന് കഴിവതും പ്രഷർ കുക്കറുകൾ ഉപയോഗിക്കുക.
- നോസിൽ വഴി ആവി വന്നതിനു ശേഷം മാത്രമാണ് പ്രഷർകുക്കറിൽ വെയ്റ്റ് ഇടേണ്ടത്.
- വയറിംഗിന്റെ കാലപ്പഴക്കം വൈദ്യുതിചോർച്ചയ്ക്ക് ഇടയാക്കുന്നു. പഴക്കം ചെന്ന വയറുകൾ മാറ്റുക.
- വേണ്ടത്ര ശേഷിയുള്ള വയറുകൾ ഒരിക്കലും ഉപയോഗിക്കാതിരിക്കുക.
- ഗുണമേന്മയും ഊർജ്ജക്ഷമതയുമുള്ള ഗാർഹിക വൈദ്യുതോപകരണങ്ങൾ മാത്രം ഉപയോഗിക്കുക.

പാസ്റ്റർ ജോൺസൺ ജോർജ്ജ്



ജീവിതത്തിൽ അദ്ധ്വാനശീലം വളർത്തിയെടുക്കുക എന്നത് ക്രിസ്തീയ ആത്മീയതയുടെ ഭാഗം തന്നെയാണ്. അദ്ധ്വാനിക്കാതെ ജീവിക്കാൻ ശ്രമിക്കുന്നതാണ് സമൂഹത്തിന്റെയും ആത്മീയതയുടെയും അഭിവൃദ്ധിക്ക് തടസ്സം.

# അദ്ധ്വാനശീലവും ആത്മീയതയും



ഒരു ദിവസം എത്ര മണിക്കൂർ തൊഴിൽ ചെയ്യണമെന്നത് വളരെ പൊതുവായ എന്നാൽ അധികം ചർച്ച ചെയ്യപ്പെടാത്ത ചോദ്യമാണ്. തൊഴിലിന്റെ രീതിയനുസരിച്ച് മാത്രമേ ഈ ചോദ്യത്തിന് ഉത്തരം നല്കാൻ കഴിയുകയുള്ളൂ. കായികമായി ഏറെ അദ്ധ്വാനിക്കേണ്ട തൊഴിൽ മേഖലകളും കായികമായി അദ്ധ്വാനമില്ലാത്ത മേഖലകളും തമ്മിൽ പ്രവർത്തിസമയത്തിന്റെ കാര്യത്തിൽ തീർച്ചയായും അന്തരമുണ്ട്.

കായികമായി ഏറെ അദ്ധ്വാനിക്കേണ്ട തൊഴിലുകളിൽ 6 മുതൽ 8 വരെ മണിക്കൂർ നമ്മുടെ സാഹചര്യങ്ങളിൽ തൊഴിൽ ചെയ്തുവരുന്നു. എന്നാൽ കായികാദ്ധ്വാനം അധികമില്ലാത്ത തൊഴിലുകളിൽ പതിനഞ്ചോ, പതിനാറോ മണിക്കൂർ അദ്ധ്വാനിക്കുന്നവരും ധാരാളമുണ്ട്. അപൂർവ്വമായി പതിനെട്ടോ അതിലധികമോ മണിക്കൂർ തൊഴിൽ ചെയ്യുന്നവരും ഉണ്ട്.

മിക്ക ജനാധിപത്യ രാജ്യങ്ങളിലും തൊഴിൽ 8 മണിക്കൂറാക്കി നിജപ്പെടുത്തിയിട്ടുണ്ട്. ഇത് നിർബന്ധമായും തൊഴിൽദായകൻ തൊഴിലാളിയിൽ നിന്നും ആവശ്യപ്പെടുന്ന തൊഴിലളവാണ്. എന്നാൽ നിരവധി മുതലാളിത്തരാജ്യങ്ങളിലും കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലും പത്തു മുതൽ പന്ത്രണ്ടു മണിക്കൂർ വരെയാണ് ഇപ്രകാരം തൊഴിൽസമയം. ലോകത്ത് ഏറ്റവും ചിലവുകുറഞ്ഞ തൊഴിൽ ലഭിക്കുന്ന ചൈനയിൽ പന്ത്രണ്ടു മണിക്കൂർ തൊഴിൽ സാധാരണമാണ്.

ഞാൻ തിരുവല്ലയിൽ താമസിച്ചിരുന്നപ്പോൾ വർഗ്ഗീസ് എന്നൊരാളുമായി പരിചയം ഉണ്ടായിരുന്നു. വർഗ്ഗീസ് തിരുവല്ലയിൽ നിന്നും 9 കിലോമീറ്റർ അകലെയാണ് താമസിച്ചിരുന്നത്. എന്നാൽ തൊഴിൽ ചെയ്തിരുന്നത് കോട്ടയത്തായിരുന്നു. ഒരു ദിവസത്തെ സംഭാഷണത്തിലാണ് വർഗ്ഗീസിന്റെ ദൈനംദിന ജീവിതം അറിയാനിടയായത്. രാവിലെ 5 മണിക്ക് എഴുന്നേൽക്കുന്ന വർഗ്ഗീസ് തന്റെ പ്രഭാത കൃത്യങ്ങൾ നിവർത്തിച്ച് 6.30ന് തന്റെ ഇരുചക്രവാഹനത്തിൽ വീട്ടിൽ നിന്നിറങ്ങും. തിരുവല്ല റെയിൽവേ സ്റ്റേഷനിൽ വണ്ടിവച്ച് 7 മണിക്കുശേഷമുള്ള ട്രെയിനിൽ കോട്ടയത്തേക്ക് തിരിക്കും. കോട്ടയം സ്റ്റേഷനിൽ നിന്നും വീണ്ടും പ്രൈവറ്റ് ബസിൽ 4 കിലോമീറ്റർയാത്രചെയ്ത് ജോലിസ്ഥലത്തെത്തും. 8.45–ന് ജോലിയിൽ പ്രവേശിക്കണം. അത് 9.15–ന് അപ്പുറമായാൽ അരദിവസത്തെ അവധിയായി കണക്കാക്കും. ഇലക്ട്രോണിക് പഞ്ചിംഗ് മെഷീൻ കൃത്യമായി വരവ് രേഖപ്പെടുത്തും. തിരിച്ച് 5 മണിക്ക് ജോലിസ്ഥലത്തുനിന്നും ഇറങ്ങിയാൽ, കൃത്യസമയത്ത് വാഹനം ലഭിച്ചാൽ 7.45–ന് വീട്ടിലെത്താം. അല്ലെങ്കിൽ അത് അനിശ്ചിതമാകും.

ഇത്ര ശ്രമകരമായ ജോലിക്കാണോ വർഗ്ഗീസ്സേ ഈ തുച്ഛമായ ശമ്പളമെന്ന്" എന്നോടൊപ്പം ഉണ്ടായിരുന്ന പാസ്റ്റർ ചോദിച്ചു. അതിന് മറുപടിയായി വർഗ്ഗീസ് പറഞ്ഞതിങ്ങനെയാണ്. അതു സാരമില്ല. ഇതേ ശമ്പളത്തിന് 5.50–ന്റെ പാസഞ്ചറിൽ എറണാകുളത്ത് ജോലിക്കുപോകുന്നവരുടെ കാര്യമാണ് ദയനീയം. അവർക്ക് 4.30–നും 5–നും വീട്ടിൽ നിന്നിറങ്ങിയാൽ തിരികെയെത്തുന്നത് രാത്രി 9.30–നോ 10–നോ ആണ്."പാസ്റ്റർക്ക് അത് കേട്ടപ്പോൾ പുച്ഛം തോന്നി. എന്തിനാ ഇങ്ങനെ ജീവിക്കുന്നത്... വേറെ വല്ല പണിയും അന്വേഷിക്കരുതോ?"

ജീവിതം എത്ര ക്ലേശം നിറഞ്ഞതാണ്. എന്നാൽ മനുഷ്യനെ മനഷ്യനാക്കുന്നതിലെ ഒരു പ്രധാന ഘടകം അവൻ തിന്നാനല്ല ജീവിക്കുന്നത്; ജീവിക്കാനായി തിന്നുന്നു"എന്നതാണ്. പക്ഷേ കണക്കുകൾ കാണിക്കുന്നത് സമൂഹത്തിൽ 80 ശതമാനം ആളുകൾ 20 ശതമാനം ആളുകൾ അദ്ധ്വാനിക്കുന്നതിന്റെ പങ്ക് പറ്റി കഴിയുന്നതായാണ്. അതായത് 20 ശതമാനം പേർ അത്യദ്ധ്വാനം ചെയ്യുകയും അതിന്റെ പ്രതിഫലം പറ്റി ബാക്കി 80 ശതമാനം പേർ പരാന്നഭോജികളായി കഴിയുകയും ചെയ്യുന്നു.

നവോത്ഥാന യൂറോപ്പിനെ സമൃദ്ധിയിലേക്ക് നയിച്ചത് പ്രൊട്ടസ്റ്റന്റ് തൊഴിൽ സംസ്കാര"മായിരുന്നെന്ന് സാമൂഹ്യശാസ്ത്രജ്ഞർ വിധിയെഴുതുന്നു. അദ്ധ്വാനത്തിന്റെ ആ തൊഴിൽ സംസ്കാരം"യൂറോപ്പിനെ ലോകത്തിന്റെ ശ്രദ്ധാകേന്ദ്രമാക്കി. ഉത്തരവാദിത്തജീവിതത്തിൽ കെട്ടിപ്പടുത്ത തൊഴിൽസംസ്ക്കാരം ജീവിതത്തിന്റെ എല്ലാ മേഖലയിലും പ്രതിഫലിച്ചു.

ഭൂരിപക്ഷം പേർ ന്യൂനപക്ഷത്തിന്റെ അദ്ധ്വാനഫലത്തിലാശ്രയിച്ച് കഴിയുന്ന രീതി കേരളത്തിൽ വളരെയധികം വ്യക്തമാണ്. എന്നാൽ ഉത്തരവാദമുള്ള ഒരു ക്രിസ്തീയവിശ്വാസിക്ക് ഈ ഭൂരിപക്ഷത്തിന്റെ ഭാഗമാകാൻ കഴിയില്ല. മാത്രമല്ല, അദ്ധ്വാനശീലരുടെ ജീവിതക്ലേശം കണ്ട് പുച്ഛിക്കാനും അവന് കഴിയില്ല. എന്റെ പിതാവ് ഇന്നുവരെയും പ്രവർത്തിക്കുന്നു; ഞാനും പ്രവർത്തിക്കുന്നു"(യോഹന്നാൻ 5:17) എന്ന് പറഞ്ഞ യേശുവിന്റെ ശൈലിയും, വേലചെയ്യാൻ മനസില്ലാത്തവൻ തിന്നുകയുമരുത്"(2 തെസ്സലോനിക്യർ 3:10) എന്ന അപ്പൊസ്തലിക പ്രമാണവും ഒരിക്കലും ഒരു വിശ്വാസിയെ അതിനനുവദിക്കില്ല.

ജീവിതത്തിൽ അദ്ധ്വാനശീലം വളർത്തിയെടുക്കുക എന്നത് ക്രിസ്തീയ ആത്മീയതയുടെ ഭാഗം തന്നെയാണ്. അദ്ധ്വാനിക്കാതെ ജീവിക്കാൻ ശ്രമിക്കുന്നതാണ് സമൂഹത്തിന്റെയും ആത്മീയതയുടെയും അഭിവൃദ്ധിക്ക് തടസ്സം. ദു:ഖകരമെന്ന് പറയട്ടെ ആത്മീയതയുടെ രൂപം ധരിച്ച വലിയൊരു ശതമാനം പേർ ഇത്തരക്കാരാണ് നമ്മുടെ സമൂഹത്തിൽ."ദിവസം മുഴുവൻ പ്രയോജനകരമായതൊന്നും ചെയ്യാതെ ചിലവഴിക്കുന്ന എത്രയോ പൂർണസമയ ആത്മീയർ നമ്മുടെയിടയിലുണ്ട്. പ്രിയ വായനക്കാരെ ഓർമ്മിപ്പിക്കട്ടെ, ഇതല്ല ക്രിസ്തീയമാർഗ്ഗം, ഇതല്ല യേശുവിന്റെ ശൈലി."

# കേരളത്തിൽ വിദ്യാഭ്യാസത്തിന്റെ വിത്ത് പാകിയത് ക്രിസ്തീയസഭകൾ: മന്ത്രി പി. തിലോത്തമൻ

പൂച്ചാക്കൽ: കേരളത്തിൽ വിദ്യാഭ്യാസത്തിന്റെ വിത്ത് പാകിയത് ക്രിസ്തീയ സഭകളാണെന്ന് ഭക്ഷ്യമന്ത്രി പി. തിലോത്തമൻ. മണപ്പുറം സെന്റ് തെരേസാസ് ഹൈസ്കൂളിന്റെ 79–ാമതു വാർഷികവും പ്രധാനാധ്യാപികയായ വിമല ഐസക്കിനു യാത്രയയപ്പും സ്കൂളിലെ തെരേസ്യൻ ആർമിയുടെ നേതൃത്വത്തിൽ നിർമിച്ചു നൽകുന്ന സ്നേഹഭവനത്തിന്റെ താക്കോൽദാന ചടങ്ങും ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. കേരളത്തിന്റെ ചരിത്രവുമായി ഏറെ ബന്ധപ്പെട്ടു കിടക്കുന്ന ഒന്നാണ് ക്രിസ്തീയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ. സവർണരുടെ മക്കൾക്കു മാത്രം വിദ്യാഭ്യാസം ചെയ്യാൻ അനുവാദമുണ്ടായിരുന്നതും മറ്റുള്ളവർ വിദ്യാഭ്യാസം ചെയ്യുന്നത് കണ്ടാൽ വലിയ കലാപങ്ങൾ ഉണ്ടാകുമായിരുന്ന കാലഘട്ടത്തെ മാറ്റിയെടുക്കാൻ വിവിധ തുറകളിൽനിന്നും പരിശ്രമങ്ങൾ ഉണ്ടായപ്പോൾ അതിൽ പ്രധാന പങ്ക് വഹിച്ചത് ക്രിസ്തീയ സഭകളാണ്.

പള്ളിയോടൊപ്പം പള്ളിക്കൂടം എന്ന ബൃഹത്തായ ആശയം കേരള ചരിത്രത്തിൽ പുതിയ മാറ്റങ്ങൾക്കു വഴിതെളിച്ചു എന്നും പുതിയ സർക്കാർ വിദ്യാഭ്യാസ മേഖലയ്ക്ക് ആയിരംകോടി രൂപ നീക്കിവച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

## പുസ്തകം പ്രകാശനം ചെയ്തു

പ്രഭാഷകനും എഴുത്തുകാരനുമായ പാസ്റ്റർ ബ്ലസൻ ചെറിയനാടിന്റെ ''നീ ഏലിയാവോ'' എന്ന ഗ്രന്ഥം പ്രകാശനം ചെയ്തു. ക്രൈസ്തവ ലോകത്തെ എഴുത്തുകാർക്ക് എന്നും തികവുറ്റ പിന്തുണയും പ്രോത്സാഹനവും നൽകിയിട്ടുള്ള ക്രൈസ്തവ എഴുത്തുപുര പബ്ലിക്കേഷൻസ് ആണ് പുസ്തകം പുറത്തിറക്കിയത്.

## എക്സൽ വി.ബി.എസ്

തിരുവല്ല: ഇന്ത്യയിലെ കുഞ്ഞുങ്ങളുടെ ഇടയിലെ പ്രമുഖ ക്രിസ്തീയ പ്രവർത്തനമായ എക്സൽ വി.ബി.എസ് 2017 ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ ഈ അവധിക്കാലങ്ങളിൽ നടക്കും. ചിന്താവിഷയം 5G "Five New Gifts For Kids"(കുഞ്ഞുങ്ങൾക്കുള്ള അഞ്ച് സമ്മാനങ്ങൾ) എന്നതാണ്. കുഞ്ഞുങ്ങളുടെ ആത്മീയ ജീവിതത്തിന്റെ വളർച്ചയ്ക്കും വ്യക്തി വികസനത്തിനും ഉതകുന്ന പാഠ്യപദ്ധതിയാണ് ഈ വർഷത്തെ പ്രത്യേകത.

കേരളം, കർണ്ണാടക, തമിഴ്നാട്, വടക്കേന്ത്യൻ സംസ്ഥാനങ്ങളായ മഹാരാഷ്ട്ര, ഗുജറാത്ത്, രാജസ്ഥാൻ, ഉത്തർപ്രദേശ്, ബീഹാർ, ഒറീസ കൂടാതെ വിദേശരാജ്യങ്ങളായ നേപ്പാൾ, ദോഹ, ഷാർജ, ദുബായ്, അബുദാബി, കുവൈറ്റ്, ഇംഗ്ലണ്ട്, ഓസ്ട്രേലിയ, കാനഡ എന്നിവിടങ്ങളിലും വി.ബി.എസ് നടക്കും.

കേരളത്തിൽ കാസർഗോഡു മുതൽ പാറശാല വരെ ജില്ലകൾ കേന്ദ്രീകരിച്ചു വി.ബി.എസ് പരിശീലന കളരികളും വിവിധ സഭകൾ കേന്ദ്രീകരിച്ച് വി.ബി.എസ് ക്യാപ്സൂൾ ട്രെയിനിങ്ങുകളും നടക്കും 5000 ത്തിൽ അധികം പേർ ഈ പരിശീലനങ്ങളിൽ പങ്കാളികളാകും. സണ്ടേസ്കൂൾ അധ്യാപകർ, ബാലസുവിശേഷകർ, യുവജന പ്രവർത്തകർ, വേദവിദ്യാർത്ഥികൾ, പാസ്റ്റേഴ്സ് മറ്റ് തല്പരരായ വ്യക്തികൾക്കും ഈ പരിശീലങ്ങളിൽ പങ്കെടുക്കാം.

എക്സൽ വി.ബി.എസിന്റെ 2017 ലെ പ്രവർത്തനങ്ങളിൽ പൂർണ്ണമായോ, ഭാഗികമായോ പ്രവർത്തിക്കുവാൻ താത്പര്യമുള്ളവരും പരിശീലന ടീമുകളിൽ പ്രവർത്തിക്കുവാൻ താല്പര്യമുള്ളവരും ബന്ധപ്പെടുക: 9495834994.



MAIL
vachanadarppanam@gmail.com
CALL
India 9744797080

# ഒരുമയുടെ സന്ദേശം

**അണികൾ അനൈക്യത്തിന്റെ അതിർത്തിക്കുള്ളിൽ നിന്ന് ആത്മീയ വിരുദ്ധത കാട്ടുന്നത് നോക്കിനിൽക്കുവാൻ, ആത്മീയദർശനമുള്ള ഒരു അപ്പൊസ്തലനോ നേതാവിനോ സാധ്യമല്ല.**



രാജു ആനിക്കാട്

ക്രിസ്തുവിന്റെ സഭ ഒരു ഏക വംശ സ്ഥാപനമല്ല. ജാതി, ഭാഷ, ദേശം സംസ്കാരം എന്നിവയിൽ വൈവിധ്യമായ ഏകതാസമൂഹമാണിത്. യേശുക്രിസ്തുവിന്റെ പുതുസന്ദേശത്തിന്റെ കേന്ദ്രവിഷയം ഈ നാനാത്വങ്ങളുടെ ഏകത്വമാണ്. യഹൂദന്റെ മശിഹ സങ്കൽപത്തിനു കടകവിരുദ്ധമായി യഹൂദേതരുടേയും മശിഹാ എന്ന സത്യപ്രഖ്യാപനമായിരുന്നു യേശുക്രിസ്തുവിന്റെ ശുശ്രൂഷയിൽ തിളങ്ങി നിന്നത്.

പ്രവർത്തനത്തിന്റെ പ്രഭാതം മുതൽ പ്രദോഷം വരെ ഒരിക്കലും കൂടിച്ചേരാത്തതിനെ കൂട്ടിച്ചേർക്കുന്ന ഐക്യതയുടെ ശുശ്രൂഷയാണ് യേശു ചെയ്തത്. ഇരുപക്ഷത്തേക്കു അകന്നു മാറി നിന്നതിനെ ഒന്നാക്കി ശത്രുത്വത്തിന്റെ കൂർത്തുമൂർത്ത ശരങ്ങളുടെ മുനയൊടിച്ച് മിത്രത്വത്തിന്റെ നേർത്ത പാശത്താൽ ബന്ധിക്കുകയായിരുന്നു അവിടുന്നു ചെയ്തത്. അടുത്താലും ആത്മാർത്ഥതയോടെ ചേരുവാനനുവദിക്കാത്ത നടുച്ചുവർ ഇടിച്ചു തകർത്ത ഒരുമയുടെ തകർക്കാനാവാത്ത പുതുസൃഷ്ടി നടത്തുകയായിരുന്നു ആ ശുശ്രൂഷയിൽ. യേശുക്രിസ്തുവിന്റെ ശുശ്രൂഷയുടെ പ്രാധാന്യം ഈ സംയോജന പ്രക്രിയയാണ്. യഹൂദനെയും ജാതിയെയും ഒന്നാക്കുന്ന, അസാധാരണമായ സംയോജനം. അങ്ങനെ മതത്തിന്റെ നിയമത്തിൻ കീഴിൽ അടുത്തുകൂടാത്തതെന്ന് വിധിച്ചു തള്ളിയ എല്ലാറ്റിന്റെയും അടുത്തുകൂടായ്മയെ അകറ്റി അഭേദ്യമായ ആത്മീയബന്ധം സ്ഥാപിക്കുകയാണ് യേശു ചെയ്തത്.

പുതിയനിയമത്തിന്റെ വീക്ഷണത്തിൽ ഉടനീളം ഈ ഒരുമയുടെ സന്ദേശം നിഴലിച്ചു നിൽക്കുന്നു. അവിടെ യഹൂദനും യവനനും എന്നില്ല, ദാസനും സ്വതന്ത്രനും എന്നില്ല. വൈവിധ്യങ്ങൾക്കതീതമായ ഏകതാദർശനമാണ് ഇവിടെ കേന്ദ്രപ്രമേയം. സഭയാം ശരീരത്തെക്കുറിച്ചുള്ള പ്രതിപാദനത്തിങ്കലെല്ലാം, ഒരു ശരീരത്തിൽ അവയവങ്ങൾ എങ്ങനെ പരസ്പര പൂരകങ്ങളായിരിക്കുന്നുവോ അതുപോലെ ക്രിസ്തു സഭയാം ശരീരത്തിലെ അംഗങ്ങളായിരിക്കുന്നു എന്ന ചിന്തയാണ് വെളിപ്പെടുന്നത്. സഭയാം ശരീരത്തിൽ ഓരോ വ്യക്തിയും അവയവങ്ങളാണ്. ഇങ്ങനെ പല അവയവങ്ങളായ വ്യക്തികൾ ചേർന്ന ഒരു ശരീരമാണ് ക്രിസ്തുവിന്റെ സഭ എന്നതാണ് പുതിയനിയമത്തിലെ പ്രധാനപ്പെട്ട ചിന്ത.[2] ശരീരം ഒരു അവയവമല്ല പലതത്രേ എന്നു പൗലൊസ് പറയുന്നു. അതുകൊണ്ടു തന്നെ ഏതൊരാളും ആ ശരീരത്തിലെ അവിഭാജ്യ ഘടകമത്രെ.

ഇത്രമാത്രം, ഏകതാധിഷ്ഠിതമായ സഭയാം ശരീരത്തിലെ അവയവങ്ങളെ വലിപ്പചെറുപ്പത്തിന്റെ അടിസ്ഥാനത്തിലോ, അയ്മേനി തിരുമേനി അടിസ്ഥാനത്തിലോ, വിഭജിക്കുന്നതിനെ നഖശിഖാന്തം എതിർക്കുന്ന സന്ദേശമാണ് പുതിയനിയമം ഉൾക്കൊള്ളുന്നത്.

എന്നാൽ ഇന്ന് സഭയാം ശരീരം അംഗവിച്ഛേദനം സംഭവിച്ച് ഒരു വിരൂപരൂപം പൂണ്ടിരിക്കുന്നു. ആൾബലത്തിന്റെയും ആസ്തിയുടെയും അടിസ്ഥാനത്തിൽ ഒരേ അപ്പത്തിന്റെ അംശികൾ, ഒരുമയുടെ സന്ദേശവാഹകർ, അനൈക്യത്തിന്റെ കാവൽക്കാരുടെ കീഴിൽ വെട്ടിമുറിക്കപ്പെട്ടിരിക്കുന്നു. ഒരു സുന്ദരശരീരത്തിലെ അംഗവിച്ഛേദനമോ, സ്ഥാനഭ്രംശമോ എത്രമാത്രം വൈകല്യം ഉണ്ടാക്കുന്നുവോ ആ വൈകല്യമാണ് സഭ പേറുന്നത്.

പൗലൊസ് കൊരിന്ത്യർക്ക് എഴുതിയ ലേഖനത്തിൽ പ്രാരംഭമായി പ്രതിപാദിച്ചിരിക്കുന്നത് സഭയാം ശരീരത്തിലെ നേതൃസംബന്ധിയാം വിഭജനത്തെയാണ്. തീപ്പൊരി പ്രസംഗകനായ അപ്പൊല്ലോസിന്റെ പക്ഷം, ഏറ്റവും വലിയ ഉപദേശത്തിന്റെ വക്താവായ പൗലൊസിന്റെ പക്ഷം, കേഫായുടെ മാത്രമല്ല ആത്മീയവാദികളായി കുറെ യേശുവിന്റെ പക്ഷക്കാരും ചേർന്നപ്പോൾ കൊരിന്തുസഭ നാല് കഷണങ്ങളായി മാറി. എന്നാൽ താൻ സ്ഥാപിച്ച കൊരിന്തുസഭയിൽ തന്റെ പക്ഷത്തു പത്തു പേരുണ്ടെന്നു കേട്ടപ്പോൾ അവരുടെ പക്ഷം പിടിക്കുകയല്ല പൗലൊസ് ചെയ്തത്. അപ്പൊല്ലോസ് ആർ, പൗലൊസ് ആർ എന്ന ചോദ്യമാണ് താൻ ചോദിക്കുന്നത്. അതായത് ക്രിസ്തു സഭയുടെ ഒരു ഭാഗം തന്റെ കൈവശമാണെന്നു കേട്ടപ്പോൾ ആത്മാഭിമാനത്തിൽ ഉള്ളം ത്രസിക്കുകയല്ല ആത്മഭാരത്താൽ ഉള്ളം പിടയുകയായിരുന്നു. അതുകൊണ്ടാണ് ഞാൻ നട്ടു, അപ്പൊല്ലോസ് നനച്ചു, ദൈവമത്രേ വളരുമാറാക്കിയത്. ആകയാൽ വളരുമാറാക്കുന്ന ദൈവമല്ലാതെ നടുന്നവനും നനയ്ക്കുന്നവും ഏതുമില്ല എന്നു പ്രഖ്യാപിക്കുവാൻ താൻ തയ്യാറായത്.[5]

ഇന്നും ക്രിസ്തുവിന്റെ സഭയുടെ സ്ഥിതി ഇതല്ലേ? ഓരോ നേതാവിന്റെ പ്രത്യേകതകൾ പുകഴ്ത്തിയും പ്രതിപക്ഷനേതാവിനെ ഇകഴ്ത്തിയും ആത്മീയരോഷത്താൽ അവരവരാൽ ആകുന്നതു ചെയ്യുന്നു. ഒരു കാര്യം വ്യക്തമാണ്. അണികൾ അനൈക്യത്തിന്റെ അതിർത്തിക്കുള്ളിൽ നിന്ന് ആത്മീയ വിരുദ്ധത കാട്ടുന്നത് നോക്കി നിൽക്കുവാൻ ആത്മീയദർശനമുള്ള ഒരു അപ്പൊസ്തലനോ നേതാവിനോ സാധ്യമല്ല. അതാണ് പൗലൊസിന്റെ വാക്കുകളിൽ വെളിപ്പെടുന്നത്.

വിഭജനത്തിന്റെ വീറും വാശിയും പേറുന്ന വിശ്വാസികളോടുള്ള തന്റെ പ്രഖ്യാപനം ഞങ്ങൾ ദൈവത്തിന്റെ കൂട്ടുവേലക്കാർ എന്നാണ്. ഇന്ന് ദൈവസഭയിൽ കൂട്ടുവേലക്കാരല്ല, കുതികാൽ വെട്ടുകാരാണധികവും. സഭയാം ശരീരത്തിന് ഏകത്വത്തിന്റെ സൗന്ദര്യമുണ്ടാകണമെങ്കിൽ നാം ഇനിയും ചിലതു മനസ്സിലാക്കേണ്ടതുണ്ട്. ദൈവസഭയുടെ ഉടമസ്ഥനും അടിസ്ഥാനവും ക്രിസ്തുവാണ്. പൗലൊസിന്റെ പ്രസ്താവനകൾ യേശുക്രിസ്തുവിന്റെ സഭ ജീവിക്കുന്നതും നിലനിൽക്കുന്നതും ക്രിസ്തുവിലാണെന്നു വെളിപ്പെടുത്തുന്നു.

സഭകൾ എവിടെ ആരംഭിച്ചുവോ അവിടമൊക്കെ സഭയുടെ ജന്മഗൃഹങ്ങളായി മാറി. ആരാൽ ആരംഭിച്ചുവോ അവർ സഭയുടെ അടിസ്ഥാനവും അവരുടെ അനന്തരവർ സഭയുടെ ഉടമകളുമായി മാറി. അതായത് ഇവിടെ അവയവങ്ങൾ തന്നെ സഭയുടെ അടിസ്ഥാനവും ഉടമകളുമായി മാറി. അതാണ് ഈ കാലഘട്ടത്തിലെ സഭയുടെ ഏറ്റവും വലിയ പരാജയം.

പൗലൊസിന്റെ വീക്ഷണത്തിൽ, സഭാപ്രവർത്തനത്തിനു ആരംഭം കുറിച്ചതുകൊണ്ട് ഒരുവനും ദൈവസഭയുടെ അടിസ്ഥാനവും ഉടമയുമാകുവാൻ അവകാശമില്ല. പൗലൊസ് പറയുന്നു, നിങ്ങൾ ദൈവത്തിന്റെ കൃഷി, ദൈവത്തിന്റെ ഗൃഹനിർമ്മാണം, ക്രിസ്തുവിനുള്ളവർ എന്നൊക്കെയാണ് മാത്രമല്ല, ഞാൻ എനിക്ക് ലഭിച്ച കൃപയ്ക്കനുസരിച്ച് അടിസ്ഥാനം ഇട്ടിരിക്കുന്നു. എന്നാൽ യേശുക്രിസ്തു എന്ന ഇട്ടിരിക്കുന്ന അടിസ്ഥാനമല്ലാതെ മറ്റൊന്നിടുവാൻ ആർക്കും കഴിയുകയുമില്ല.

പുതിയനിയമത്തിലെ ഒരുമയുടെ സന്ദേശത്തിൽ നിന്ന് നാം അകന്നിരിക്കുകയല്ലേ? ഇവിടെ ഈ ശരീരത്തിന്റെ അവയവങ്ങൾ ചിതറി മാറി നിർജ്ജീവമാകുകയല്ലേ? ഒരു മാനസാന്തരത്തിനു നാം തയ്യാറാവുമോ?

## ലാൻഡ്‌വേ ന്യൂസ് പേപ്പർ സാഹിത്യ അവാർഡ്: വിജയികളെ പ്രഖ്യാപിച്ചു



എസ്ഥേർ കുഞ്ഞുമോൻ



സിനി സിജോ



മോഹൻ ചെറിയാൻ



ഷൈജു ദാനിയേൽ



സണ്ണി മാവേലിക്കര



റ്റി. എം. വർഗ്ഗീസ്

ലാൻഡ്‌വേ ന്യൂസ് സംഘടിപ്പിച്ച സാഹിത്യ അവാർഡ് 2016-ലെ അവാർഡ് ജേതാവായി എസ്ഥേർ കുഞ്ഞുമോനും, പ്രോൽസാഹന സമ്മാനാർഹരായി സിനി സിജോ, റ്റി. എം. വർഗ്ഗീസ്, മോഹൻ ചെറിയാൻ, ഷൈജു ദാനിയേൽ, സണ്ണി മാവേലിക്കര എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു. ലാൻഡ്‌വേ ന്യൂസ് സംഘടിപ്പിക്കുന്ന ഔദ്യോഗിക ചടങ്ങിൽ വച്ച് വിജയികൾക്ക് ക്യാഷ് അവാർഡും ഫലകവും പ്രശസ്തിപത്രവും നൽകും. സമയവും വേദിയും പിന്നീട് അറിയിക്കും.

## സി.ഡി. പ്രകാശനം ചെയ്തു

ദുബായ് ■ പുനലൂർ കുറ്റിവിള ഫാമിലിയുടെ ഏറ്റവും പുതിയ സംരംഭമായ 'എന്നും നല്ലവൻ' എന്ന പുതിയതും പഴയതുമായ 34 ഗാനങ്ങൾ, 90 മിനിറ്റ് ലോംഗ് മെലഡി, ദുബായ് സമാ റസിഡൻസിൽ അനേകം ദൈവദാസന്മാരുടെയും വിശ്വാസികളുടെയും സാന്നിദ്ധ്യത്തിൽ റിലീസ് ചെയ്തു. ഇതിലെ ഗാനങ്ങൾക്ക് ഓർഗസ്ട്രേഷൻ ചെയ്തിരിക്കുന്നതും പാടിയിരിക്കുന്നതും സജയൻ ബാബു, റിയാ, റിലിൻ, റാനിയ എന്നിവരുമാണ്.

മീഡിയാ പാർട്ണറായ സാംസ് റേഡിയയുടെ ബാനറിൽ ദുബായ് ഹൈടെക് ഗ്രൂപ്പ് ഓഫ് കമ്പനിയാണ് എന്നും നല്ലവൻ സി.ഡി.യുടെ റിലീസ് പ്രോഗ്രാം സംഘടിപ്പിച്ചത്. 90 മിനിറ്റ് തുടർച്ചയായി പാടിക്കൊണ്ടിരിക്കുന്ന ഈ സി.ഡി വാഹനം ഓടിക്കുന്നവർക്കും ജോലിചെയ്യുന്നവർക്കും തുടർച്ചയായി പാട്ടുകേൾക്കുവാനുള്ള സുവർണാവസരം ദൈവം നൽകുന്നു.
Email: sajayanbabu1979@gmail.com




ആധികാരികമായ ഉപദേശം ▪ ആത്മനിറവിലുള്ള ആരാധന ▪ അനുഗ്യഹീത കൂട്ടായ്മ

GRACE POINT WORSHIP CENTRE

KARUKACHAL, KOTTAYAM

പാസ്റ്റർ സന്തോഷ് ജോസഫ് ശുശ്രൂഷിക്കുന്നു

*ആരാധന:* എല്ലാ ഞായറാഴ്ചയും രാവിലെ 10 മുതൽ 1 മണി വരെ

കൂടുതൽ വിവരങ്ങൾക്ക്: 9744797080 സംബന്ധിക്കുക • അനുഗ്രഹം പ്രാപിക്കുക